401
VOL. 17 | ISSUE 13
Pages 12

# ഹാലേലൂയ്യ

1-15 JULY, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

# ഉത്തരാഖാണ്ഡ് പ്രളയം
## മരിച്ചവരിൽ വിശ്വാസികളുണ്ടെന്ന് സന്ദേഹം



2004-ലെ സുനാമിക്ക് ശേഷം ഭാരതത്തെ നടുക്കിയ ഉത്തരാഖാണ്ഡ് പ്രളയത്തിൽ മരണസംഖ്യ പ്രവചനാതീതമായി ഉയരുന്നു. മരണപ്പെട്ടവരിൽ ക്രിസ്തീയ വിശ്വാസികളും ഉൾപ്പെട്ടിട്ടുണ്ടാവാമെന്ന് സൂചന. കേദാർനാഥ് ക്ഷേത്രമുൾപ്പെടെയുള്ള ഹൈന്ദവ തീർത്ഥാടന കേന്ദ്രങ്ങളിൽ സന്ദർശനത്തിനെത്തിയ ഭക്തന്മാരെ തീരാദുരിതത്തിലാഴ്ത്തിയ മഹാ പ്രളയത്തിൽ കൊല്ലപ്പെട്ടവരും കാണാതായവരും അനേകായിരങ്ങളാണ്.

ഭാരതത്തിലെ ഒട്ടുമുക്കാൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ആയിരക്കണക്കിന് തീർത്ഥാടകർ വിവിധ ആഗ്രഹസാഫല്യത്തിനായി എത്തിച്ചേരുന്ന ഇടമാണ് പ്രശസ്തമായ കേദാർനാഥ് ക്ഷേത്രം. ഉത്തർപ്രദേശ്, ഹരിയാന, ഹിമാചൽ പ്രദേശ്, എന്നീ സംസ്ഥാനങ്ങളോട് ചേർന്ന് കിടക്കുന്ന ഉത്തരാഖാണ്ഡ് അയൽ രാജ്യങ്ങളായ ചൈനയുമായും നേപ്പാളുമായും അതിർത്തി പങ്കിടുന്നുണ്ട്.

കേദാർനാഥ് ക്ഷേത്ര പരിസരത്തുള്ള കച്ചവടക്കാരിൽ ഭൂരിഭാഗവും നേപ്പാളിൽ നിന്നുള്ള കുടിയേറ്റക്കാരാണ്. ഇവരിൽ കുറേയധികം ക്രിസ്തീയ വിശ്വാസികളുമാണ്. പരസ്യമായും വിപുലീകൃതമായില്ലെങ്കിൽപ്പോലും അവർ പലപ്പോഴായി ആരാധനക്ക് ഒത്തുകൂടാറുണ്ട്. അവരുമായി അടുത്തു പരിചയമുള്ള പാസ്റ്റർ മനോജ് വാഡിയയുമായി ഹാലേലൂയ്യാ റിപ്പോർട്ടർ ബന്ധപ്പെട്ടപ്പോൾ ലഭ്യമായ വിവരം ആശങ്കയുളവാക്കുന്നതാണ്. ഹരിദ്വാറിൽ പ്രവർത്തിക്കുന്ന പാസ്റ്റർ മനോജിന് ദുരന്തത്തിന് ശേഷം വിശ്വാസികളുമായി ഇതുവരെയും ബന്ധപ്പെടാനായിട്ടില്ല. ഒരു പക്ഷേ മൊബൈൽ ഫോണുകൾ പ്രവർത്തിക്കാത്തതും കാരണമാകും.

പ്രസ്തുത വിശ്വാസികളേക്കൂടാതെ കേദാർനാഥിലെത്തുന്ന ജനത്തിനായി ദൈവത്തോട് മദ്ധ്യസ്ഥത ചെയ്തു പ്രാർത്ഥിക്കുവാനുള്ള ലക്ഷ്യത്തോടെ ഹോട്ടലിൽ മുറിയെടുത്തു താമസിക്കുന്ന മറ്റു സംസ്ഥാനങ്ങളിൽ പാർക്കുന്നവരുമുണ്ട്. പേർ വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഒരു സംഘം കേരളത്തിൽ നിന്നും സമീപകാലത്ത് അവിടെപ്പോയി പ്രാർത്ഥിച്ചിട്ടുണ്ട്.

പാസ്റ്റർ മനോജ് ഒരു സുപ്രധാന പ്രാർത്ഥനാ അപേക്ഷ കൂടി പറഞ്ഞിട്ടുണ്ട്. ഉത്തരാഖാണ്ഡിൽ നിന്ന് ഒഴുകിയെത്തുന്ന പ്രളയജലം മനുഷ്യരുടെയും ഇതരജീവികളുടെയും മൃതദേഹങ്ങൾ വഹിച്ചെത്തുന്നത് ഹരിദ്വാറിലേക്കാണ്. തൽഫലമായി പ്ലേഗ് ഉണ്ടാകാനുള്ള സാദ്ധ്യത വർദ്ധിച്ചിരിക്കയാണ്. ഇതിനോടകം തന്നെ പ്ലേഗ് പടർന്നു തുടങ്ങിയെന്നും സ്ഥിരീകരിക്കാനാവാത്ത റിപ്പോർട്ടുകളുമുണ്ട്. പ്രത്യേകാൽ ഈ വിഷയത്തിന് വേണ്ടി പ്രാർത്ഥിക്കേണമെന്ന് താൻ സൂചിപ്പിച്ചു.

"ദൈവം എന്തിനാണിങ്ങനെ ശിക്ഷിക്കുന്നത്"? എന്ന് രക്ഷ പെട്ടെത്തിയ ഭക്തന്മാരുടെ കണ്ഠങ്ങളിൽ നിന്നുയരുന്ന ചോദ്യങ്ങൾ വിവിധ ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജീവനുള്ള ദൈവത്തെ ദർശിക്കുവാനും മോക്ഷപ്രാപ്തിക്കുമായി മനുഷ്യന്റെ ഒരു പ്രവർത്തിക്കും സാധ്യമല്ല എന്ന ദൈവവചന യാഥാർത്ഥ്യം തിരിച്ചറിയാതെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നവരുടെ എണ്ണം ഓരോ വർഷവും ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ദുഃഖകരമായ സത്യമാണ്.

ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവർ, ഇനിയും രക്ഷപെടാതെ കുടുങ്ങിക്കിടക്കുന്നവർ, രക്ഷാ പ്രവർത്തകർ എന്നിവർക്കായി അടിയന്തിരമായി പ്രാർത്ഥിക്കേണ്ടതുണ്ട്. പ്രളയബാധിതമേഖലയിലുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും സുവിശേഷമറിയിക്കുന്ന സഭകളുടെയും സംഘടനകളുടെയും പ്രവർത്തകർ ദൈവജനത്തിന്റെ പ്രത്യേക പ്രാർത്ഥന ക്ഷണിച്ചിട്ടുണ്ട്.

***തോമസ് മുല്ലയ്ക്കൽ***

# റവ.ഡോ.ഡി.മോഹൻ എ.ജി.ജനറൽ സൂപ്രണ്ട്



റവ.ഡോ.ഡി.മോഹൻ



റവ.റ്റി.ജെ.സാമുവേൽ

ചെന്നൈ: ഓൾ ഇൻഡ്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടായി റവ.ഡോ.ഡി.മോഹനും, ജനറൽ സെക്രട്ടറിയായി റവ.റ്റി.ജെ.സാമുവേലും തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭയുടെ പാസ്റ്റർ, അസംബ്ലീസ് ഓഫ് ഗോഡ് വേൾഡ് ഫെലോഷിപ്പ് വൈസ് ചെയർമാൻ, വേൾഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഇന്ത്യാ റെപ്രസന്റേറ്റിവ് എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്ന ഡോ. ഡി.മോഹൻ മൂന്നാം തവണയാണ് ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ടായ റവ.റ്റി.ജെ.സാമുവേൽ തുടർച്ചയായി ഏഴാം പ്രാവശ്യമാണ് ഈ സ്ഥാനത്തിനർഹനാകുന്നത്. റവ.ഹാനോക്ക് ഗോഷ് ജനറൽ ട്രഷറാറായും സേവനമനുഷ്ഠിക്കുന്നു. ജൂൺ 11-13 വരെ ചെന്നൈയിൽ നടന്ന കോൺഫ്രൻസിലാണ് തിരഞ്ഞെടുപ്പ് നടന്നത്. എ.ജി.(യു എസ് എ) അസിസ്റ്റന്റ് സൂപ്രണ്ട് റവ.ഡോ.ആൾട്ടൺ ഗാരിസൺ മുഖ്യപ്രസംഗകനായിരുന്നു.

# പെന്തെക്കോസ്ത് സമൂഹം മാനസാന്തരപ്പെടണം
## പാസ്റ്റർ ഫിന്നി സാമുവേൽ





ന്യൂയോർക്ക്: ദൈവത്തെക്കുറിച്ചുള്ള അറിവ് നന്നായിട്ടുള്ളവരാണ് മലയാളി പെന്തെക്കോസ്ത് സമൂഹം. പക്ഷേ അറിവ് അനുഭവമായി മാറാത്തതിനാൽ ദൈവത്തെ അംഗീകരിക്കാനോ ജീവിതത്തിൽ വെളിപ്പെടുത്തുവാനോ സാധിക്കുന്നില്ല. ഒരു മാനസാന്തരം അത്യാവശ്യമായ സമൂഹമാണ് മലയാളി പെന്തെക്കോസ്തർ പാസ്റ്റർ ഫിന്നി സാമുവേൽ പ്രഖ്യാപിച്ചു. നിക്കോദേമോസ് ദൈവവചനത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ഉപദേഷ്ടാവായിരുന്നു. അവൻ യേശുവിനെക്കുറിച്ച് നല്ല കാര്യങ്ങളാണ് പറയുന്നത്. എന്നാൽ യേശു അവനോട് പറയുന്നത് നീ വീണ്ടും ജനിക്കണമെന്നാണ്. ഇന്നത്തെ പെന്തെക്കോസ്ത് സമൂഹത്തോടും നിക്കോദേമോസിനോട് പറഞ്ഞ അതേ സന്ദേശം തന്നെയാണ് യേശു പറയു

*(ശേഷം 2-ാം പേജിൽ)*

# സുവി.ബാബു പി.ജോൺ പല്ലുകൾ മാറ്റിവയ്ക്കുകയാണ്

കോഴഞ്ചേരിക്കടുത്ത് ചെറുകോൽ ഐ.പി.സി.സഭാംഗവും ഐ.പി.സി.മീനാക്ഷിപുരം സെന്ററിൽ നെയ്ത്തല എന്ന സ്ഥലത്തെ സുവിശേഷകനുമാണ് ഇവാ.ബാബു പി.ജോൺ. കുമ്പനാട്ട് നടന്ന ഉപവാസ പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ ചില സഹോദരങ്ങളോടൊപ്പം ബാബുവും എത്തിയിരുന്നു. അവിടെവച്ചാണ് ബാബുവിന്റെ ചിരിയിൽ എന്തോ അസ്വാഭാവികത തോന്നിയത്. പിന്നീടാണറിഞ്ഞത് ബാബുവിന്റെ വായിൽ ഒരു നിരയിലെ പല്ലുകളെല്ലാം എടുത്തു മാറ്റിക്കഴിഞ്ഞു. ക്രിത്രിമ പല്ലുകൾ ഫിക്സ് ചെയ്യുന്നതിനുള്ള ഇടവേളയിലാണ് ഇവാ.ബാബു കുമ്പനാട്ടെത്തിയത്.

**ബാബുവിന്റെ പല്ലുകൾ നഷ്ടമായ കഥയിങ്ങനെ;**

കുമ്പനാട്ടു നിന്ന് ബൈബിൾ കോളജ് പഠനം കഴിഞ്ഞ് ബാബു പാലക്കാട് ജില്ലയിലെ അതിർത്തി ദേശമായ മീനാക്ഷിപുരത്തെത്തിയിട്ട് എട്ടു വർഷമായി. സുവിശേഷ വിരോധികളുടെ ശക്തമായ എതിർപ്പുകളുടെ മദ്ധ്യത്തിൽ സുവിശേഷം അറിയിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് ബാബു ഏറ്റെടുത്തത്.

ഈ വർഷം ജനുവരി ആദ്യ ആഴ്ച സഹപ്രവർത്തകൻ പാസ്റ്റർ സി.രാജനോടൊപ്പം മീനാക്ഷിപുരത്തു നിന്ന് 15 കിലോമീറ്റർ അകലെ



യുള്ള നെയ്ത്തല ഗ്രാമത്തിലെത്തി. വീടുകൾ തോറും കയറി ഇറങ്ങി ട്രാക്ടുകൾ കൊടുത്തു. ഒരു വീട്ടിൽ കയറിയപ്പോൾ ഗർഭിണിയായ സ്ത്രീ പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടു. അവരോട് സുവിശേഷം പറഞ്ഞു കൊണ്ടു നില്ക്കുമ്പോൾ നാലുപേർ അവിടേക്ക് കയറി വന്നു. പച്ചത്തെങ്ങിൻ മടൽ കൊണ്ട് ഈ സുവിശേഷകരെ മൃഗീയമായി മർദ്ദിച്ചു. ഗർഭിണിയായ സ്ത്രീ തടസ്സം പിടിക്കുവാൻ ചെന്നെങ്കിലും അവർ പിന്മാറിയില്ല. ആ വീട്ടിൽ നിന്ന് അടുത്തുള്ള അംഗൻവാടിയുടെ മുറ്റത്തേക്ക് വലിച്ചിഴച്ചുകൊണ്ടുപോയി അവിടെയിട്ട് വീണ്ടും മർദ്ദിച്ചു. മൊബൈൽ ഫോണും പേഴ്സും അപഹരിച്ചു. ബൈബിളും ലഘുലേഖകളും കീറിക്കളഞ്ഞു....മടൽ കൊണ്ടുള്ള അടിയിൽ വായിലെ മിക്കവാറും പല്ലുകൾ ഇളകി. ഒടുവിൽ ഒരു വിധത്തിൽ ജീവനോടെ ആ സുവിശേഷകരെ അവിടെ നിന്നും പറഞ്ഞു വിട്ടു. ഇനി ഇവിടെ കാലുകുത്തരുതെന്നുള്ള ഭീഷണിയോടെ.

ഈ സുവിശേഷകർ ഇന്നും പിന്മാറുവാൻ തയ്യാറല്ല. വെപ്പുപല്ലുകൾ ഇനിയും കൊഴിഞ്ഞു വീണേക്കാം. പിന്മാറുവാൻ ഞങ്ങൾക്കാവില്ലല്ലോ ബാബു പറയുന്നു.

കോഴഞ്ചേരി പുരയിടത്തിൽ ജോർജ്ജ് മറിയാമ്മ ദമ്പതികളുടെ ഏകമകനാണ് ബാബു.

E-mail: hallelujahnews@gmail.com

# ബാബിലോണിൽ നിന്നും ഒരു വേട്ടക്കഥ..

ഡോക്ടർ സൈറസ് ഹാമിലിൻ (1811-1900) പറഞ്ഞിട്ടുള്ള ഒരു സംഭവം ബൈബിൾ പ്രവചനങ്ങളെ അരക്കിട്ടുറപ്പിക്കുന്നു. തുർക്കിയിലെ കോൺസ്റ്റാന്റിനോപ്പിളിൽ ദീർഘകാലം വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിച്ചിട്ടുള്ള ഒരു അമേരിക്കൻ മിഷനറിയായിരുന്നു ഹാമിലിൻ. കോൺസ്റ്റാന്റിനോപ്പിളിലെ പ്രസിദ്ധമായ റോബർട്ട് കോളജിന്റെ സഹ-സ്ഥാപകനെന്ന നിലയിൽ ചരിത്രപ്രസിദ്ധി നേടിയിട്ടുള്ള ആൾ.

ക്രിമിയൻ യുദ്ധം കഴിഞ്ഞ കാലം (1853-1856). തുർക്കിയുടെ ഒരു കരസേനാധിപൻ ഒരുദിവസം ഡോക്ടർ ഹാമിലിനെ കാണാനെത്തിയിട്ടു ചോദിച്ചു: എനിക്കു താങ്കളോട് ഒരു ചോദ്യം ചോദിക്കുവാനുണ്ട്: താങ്കൾ ബൈബിൾ ദൈവവചനമാണെന്ന് എല്ലായ്പ്പോഴം പ്രസംഗിക്കുന്ന ആളാണല്ലോ, അതിനു താങ്കൾക്കു ഒരു തെളിവെങ്കിലും തരുവാനുണ്ടോ?

ഡോക്ടർ ഹാമിലിൻ, തന്ത്രപൂർവ്വം, ആ ചോദ്യത്തിനുള്ള ഉത്തരം ഉടൻ നൽകാതെ സൈന്യാധിപനെ ഒരു സംഭാഷണത്തിലേക്കു തിരിച്ചുവിട്ടു. സംഭാഷണമദ്ധ്യേ ഹാമിലിൻ മനസ്സിലാക്കി തന്റെ സന്ദർശകൻ കിഴക്കൻ രാജ്യങ്ങളിൽ വളരെയധികം സഞ്ചരിച്ചിട്ടുള്ള വ്യക്തിയാണെന്ന്. പ്രത്യേകാൽ യൂഫ്രാത്തേസ് നദീതടങ്ങൾ അദ്ദേഹത്തിനു സുപരിചിതമാണെന്നു മനസ്സിലാക്കിയ ഹാമിലിൻ ചോദിച്ചു: താങ്കൾ എന്നെങ്കിലും ബാബിലോൺ സന്ദർശിച്ചിട്ടുണ്ടോ?

ബാബിലോണെന്നു കേട്ടപ്പോഴേക്കും സൈന്യാധിപൻ വാചാലനായി: അതേ, ബാബിലോൺ സന്ദർശനസമയം സംഭവിച്ച ഒരു കാര്യം എനിക്ക് ഇന്നും വിസ്മയമുളവാക്കുന്നതാണ്. മൃഗങ്ങളെ വേട്ടയാടുന്നത് എനിക്ക് ഇന്നും പ്രിയപ്പെട്ട വിനോദമാണ്. എന്റെ സഞ്ചാരങ്ങളിൽ മിക്കവയും വേട്ടയാടുന്നതിനുവേണ്ടി നടത്തിയിട്ടുള്ള സാഹസികയാത്രകളാണ്. ബാബിലോണിലെ ശൂന്യപ്രദേശങ്ങൾ വേട്ടയാടുവാനുള്ള മൃഗങ്ങളുടെ വിഹാരകേന്ദ്രമാണെന്ന അറിവാണ് എന്നെ അവിടെ എത്തിച്ചത്.

ബാബിലോൺ സന്ദർശിക്കുമ്പോൾ ഒരിക്കലും ഒറ്റയ്ക്കു അവിടെ പോകരുതെന്ന് കേട്ടറിവുള്ളതുകൊണ്ട് ഒരു അറബിയെ ഞാൻ ഗൈഡായി കൂടെക്കൂട്ടി. അസാധാരണമായ ഒരു തുകയാണ് പ്രതിഫലമായി അറബി ചോദിച്ചത്. പണം എനിക്ക് ഒരു വിഷയമല്ലാത്തതുകൊണ്ട് ഞാൻ അയാളെ ഒരാഴ്ചത്തേക്ക് ഗൈഡായെടുത്തു. അവിടെ എത്തിയ ഉടൻതന്നെ ഞങ്ങൾ രണ്ടു കൂടാരം അടിച്ചു. സൂര്യാസ്തമയത്തിനു മുമ്പുതന്നെ ഞാൻ എന്റെ തോക്കുമായി പരിസരവീക്ഷണത്തിനായി കൂടാരത്തിൽ നിന്നും പുറപ്പെട്ടു.

പുരാതന ബാബിലോണിന്റെ ശൂന്യശിഷ്ടങ്ങൾ ഉളവാക്കിയ ഗുഹകളും ഒളിവിടങ്ങളും മൃഗങ്ങളുടെ താവളമാണെങ്കിലും സന്ധ്യമയങ്ങാതെ അവയൊന്നും പുറത്തുവരികയില്ലെന്നു ഞാൻ മനസ്സിലാക്കി. വളരെ ദൂരയായി ഒന്നോ രണ്ടോ മൃഗങ്ങളെ കണ്ടെങ്കിലും വെടിവെക്കുവാൻ പറ്റിയ സ്ഥിതിയിലായിരുന്നുമില്ല. അവസാനം, സൂര്യാസ്തമയശേഷം തുടങ്ങാമെന്നു കരുതി, ഞാൻ കൂടാരത്തിലേക്കു മടങ്ങി.

ഞാൻ മടങ്ങിയെത്തിയപ്പോൾ കണ്ടകാഴ്ച എന്നെ ചിന്താക്കുഴപ്പത്തിലെത്തിച്ചു, അറബി അയാളുടെ കൂടാരം അഴിച്ചുകെട്ടി തിരികെപ്പോകാനൊരുങ്ങുന്നു! ഞാൻ സർവ്വശക്തിയും ഉപയോഗിച്ച് അതിനെ എതിർത്തുകൊണ്ട് ചോദിച്ചു: താങ്കൾ എന്നോടൊപ്പം ഒരാഴ്ച ഉണ്ടാവുമെന്നല്ലേ നാം തമ്മിലുള്ള ഉടമ്പടി. ഭയം ഉറഞ്ഞുതുള്ളുന്ന മുഖത്തോടെ അറബി പൊട്ടിത്തെറിച്ചു: ഒരു മനുഷ്യരും ഇവിടെ സൂര്യാസ്തമയശേഷം തങ്ങാറില്ല. ഇത് ഭയാനകമായ സ്ഥലമാണ്. ഇതു പ്രേതഭൂമിയാണ്. രാത്രിയായാൽ പ്രേതങ്ങളും വേതാളങ്ങളും ഭൂതങ്ങളും നൃത്തമാടുന്ന സ്ഥലം. ജീവനിൽ കൊതിയുള്ള ആരും സൂര്യാസ്തമയശേഷം ഇവിടെ തങ്ങില്ല. തങ്ങിയാൽ അവരും പിറ്റേന്ന് പ്രേതമാകും, ഉറപ്പാണ്.

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം - കടുത്തുരുത്തി**



അറബിയെ അനുനയിപ്പിക്കുവാൻ ഞാൻ പറഞ്ഞു: ആകട്ടെ, താങ്കൾക്കു ഞാൻ വാഗ്ദാനം ചെയ്ത തുകതന്നെ അസാധാരണമാണ്. താങ്കൾ എന്നോടൊപ്പം നിന്നാൽ താങ്കളുടെ പ്രതിഫലം ഞാൻ ഇരട്ടിയാക്കാം, പോരേ? താങ്കളെനിക്കു ലോകത്തിലുള്ള പണമത്രയും തന്നാലും ഞാനില്ല, ബാബിലോണിനുമീതെ സൂര്യൻ അസ്തമിക്കുന്നതു ഇതുവരെ ഒരു അറബിയും കണ്ടിട്ടില്ല, എനിക്കും കാണേണ്ട എന്നുപറഞ്ഞിട്ട് അയാൾ നടന്നുനീങ്ങാൻ ആരംഭിച്ചു. ഗത്യന്തരമില്ലാതെ ഞാനും വേഗം കൂടാരം അഴിച്ച് അറബിയെ അനുഗമിച്ചു.

സൈന്യാധിപൻ കഥയവസാനിപ്പിക്കുമ്പോഴേക്കും ഹാമിലിൻ ബൈബിൾ തുറന്നുവച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: താങ്കൾ ബാബിലോണിനെപ്പറ്റി പറഞ്ഞത് ഞാൻ വായിച്ചുകേൾപ്പിക്കാം: രാജ്യങ്ങളുടെ മഹത്ത്വവും കല്ദയരുടെ പ്രശംസാലങ്കാരവുമായ ബാബേൽ, ദൈവം സൊദോമിനെയും ഗൊമോറയെയും മറിച്ചുകളഞ്ഞതുപോലെ ആയിത്തീരും. അതിൽ ഒരുനാളും കുടിപാർപ്പുണ്ടാകുകയില്ല; തലമുറതലമുറയോളം അതിൽ ആരും വസിക്കുകയുമില്ല; അറബിക്കാരൻ അവിടെ കൂടാരമടിക്കുകയില്ല; ഇടയന്മാർ അവിടെ ആടുകളെ കിടത്തുകയും ഇല്ല. മരുമൃഗങ്ങൾ അവിടെ കിടക്കും; അവരുടെ വീടുകളിൽ മൂങ്ങാ നിറയും; ഒട്ടകപ്പക്ഷികൾ അവിടെ പാർക്കും; ഭൂതങ്ങൾ അവിടെ നൃത്തം ചെയ്യും. അവരുടെ അരമനകളിൽ ചെന്നായ്ക്കളും അവരുടെ മനോഹര മന്ദിരങ്ങളിൽ കുറുനരികളും ഓളിയിടും; അതിന്റെ സമയം അടുത്തിരിക്കുന്നു; അതിന്റെ കാലം ദീർഘിച്ചു പോവുകയുമില്ല. (യെശയ്യാവ് 13:1922)

ഹാമിലിൻ വായിച്ചുകഴിഞ്ഞയുടൻ സൈന്യാധിപൻ പറഞ്ഞു: അതേ, അതുതന്നെയാണ് ഞാൻ ബാബിലോണിൽ കണ്ടതും! പക്ഷേ, താങ്കൾ വായിച്ചതു ചരിത്രമല്ലേ? ഹാമിലിൻ: അല്ല, ചരിത്രമല്ല പ്രവചനം! താങ്കൾ വിദ്യാഭ്യാസമുള്ള വ്യക്തിയല്ലേ? ക്രിസ്തുവിനു മുന്നൂറുവർഷം മുമ്പാണല്ലോ പഴയനിയമം എബ്രായഭാഷയിൽ നിന്നും ഗ്രീക്കിലേക്കു തർജ്ജമചെയ്തത്. എബ്രായഭാഷ, കുറഞ്ഞപക്ഷം, അതിനും രണ്ടുനൂറ്റാണ്ടെങ്കിലും മുമ്പുള്ളതാണല്ലോ?

സൈന്യാധിപൻ പുത്തൻ വെളിച്ചം കിട്ടിയപോലെ പ്രതികരിച്ചു: അതേ, അതേ! തീർച്ചയായും!! ഹാമിലിൻ വിട്ടില്ല: അങ്ങനെയെങ്കിൽ, ബാബിലോൺ അതിന്റെ പൂർണ്ണമഹത്വത്തോടെ ശോഭിച്ചിരുന്ന കാലത്തല്ലേ ഇതെഴുതിയത്? പിന്നെങ്ങനെ ഇതു ചരിത്രമാകും?

വാക്കുമുട്ടിയ സൈന്യാധിപൻ പുറപ്പെടുന്നതിനുമുമ്പ് പറഞ്ഞു: താങ്കളുടെ ചോദ്യത്തിനുള്ള ഉത്തരം എനിക്കു ഇപ്പോൾ പറയുവാൻ പറ്റില്ല. പക്ഷേ, ഞാൻ അല്പം കൂടെ അന്വേഷണം നടത്തിയിട്ടു മടങ്ങിവരാം. പക്ഷേ, പിന്നീടൊരിക്കലും ആ സൈന്യാധിപൻ ഹാമിലിനെ കാണാനെത്തിയില്ല.

തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നേ അറിഞ്ഞുകൊള്ളണം.

പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ. (2 പത്രോസ് 1:20-21)

## ക്രൈസ്തവ സാഹിത്യ അവാർഡ്

തിരുവല്ല: ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡിന്റെ പ്രസിദ്ധീകരണ വിഭാഗമായ ഫെയ്ത്ത് ലീഡേഴ്സ് പബ്ലിക്കേഷൻ ക്രൈസ്തവ സാഹിത്യ അവാർഡിന് കൃതികൾ ക്ഷണിക്കുന്നു. ഐ.പി.സിയുടെ ആരംഭ കാല ശുശ്രൂഷകരായിരുന്ന പാസ്റ്റർ ഡി.ശാമുവേലി (ആശാൻ ഉപദേശി)ന്റെയും കരിങ്കുളം മത്തായി ഉപദേശിയുടെയും സ്മരണാർഥവും അവർ പെന്തെക്കോസ്തു സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകളെയും മാനിച്ചാണ് അവാർഡ്.

മികച്ച ഗ്രന്ഥം, ലേഖനം, കഥ, കവിത എന്നിവയ്ക്കാണ് അവാർഡ്. മികച്ച ഒരു ഗ്രന്ഥത്തിനും ലേഖനത്തിനും 10,000 രൂപയും പ്രശസ്തി പത്രവും ഫലകവും, കഥയ്ക്കും കവിതയ്ക്കും 5,000 രൂപയും പ്രശസ്തി പത്രവും ഫലകവും നൽകുന്നതാണ്. എല്ലാ വിഭാഗത്തിനും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

പ്രായമോ സഭാ വ്യത്യാസമോ ഇല്ലാതെ ആർക്കും പങ്കെടുക്കാം. മുമ്പ് പ്രസിദ്ധീകരിച്ചവ ആയിരിക്കരുത്. മാധ്യമരംഗത്തെ പ്രശസ്തർ അവാർഡ് ജേതാക്കളെ നിർണയിക്കും. ഗ്രന്ഥങ്ങളും രചനകളും ഒക്ടോബർ 30ന് മുമ്പായിഅയയ്ക്കുക.Ph: 9744797080

## പാരഡൈസ് ഓഡിയോ മിനിസ്ട്രീസ്

തിരുവല്ല: യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ പാരഡൈസ് ഓഡിയോ മിനിസ്ട്രീസിന്റെ വെബ്സൈറ്റ് അമേരിക്കയിലുള്ള കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ. എം.ഈപ്പൻ ഉദ്ഘാടനം ചെയ്തു. റവ.തോമസ് ഫിലിപ്പ് അധ്യക്ഷനായിരുന്നു. പാസ്റ്റർ പി.ജി.മാത്യൂസ് മുഖ്യ സന്ദേശം നൽകി. സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ രചിച്ച് ഈണം പകർന്ന പതിനേഴ് ഓഡിയോ, വീഡിയോ, എം.പി, 3 സി.ഡികൾ വെബ്സൈറ്റിലുണ്ട്. പാട്ടുകൾ ഡൗൺലോഡ് ചെയ്തു ഉപയോഗിക്കുവാനും സൗകര്യമുണ്ട്.

www.paradiseaudioministries.com

## പെന്തെക്കോസ്ത് സമൂഹം...

*(1-ാം പേജ് തുടർച്ച)*

വാൻ ആഗ്രഹിക്കുന്നത്. ബീഹാറിലെ റാഞ്ചിയിൽ നിന്നുള്ള യുവപ്രഭാഷകൻ പാസ്റ്റർ ഫിന്നി ഓർപ്പിച്ചു. ന്യൂയോർക്കിൽ നടന്ന സ്വതന്ത്ര സഭകളുടെ 17-ാമത് കോൺഫ്രൻസിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഐ.പി.എഫ്.എ.17-ാമത് കോൺഫ്രൻസ് ജൂൺ 21-23 വരെ ന്യൂയോർക്ക് ക്യൂൻസ് വില്ലേജിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ രാജൻകുഞ്ഞ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ ഫിന്നി സാമുവേൽ മുഖ്യപ്രസംഗകനായിരുന്നു. ഇവാ.ബിജു അലക്സാണ്ടർ, പാസ്റ്റർ റോബർട്ട് ജോൺ എന്നിവർ പ്രസംഗിച്ചു. ഹാലേലൂയ്യാ എഡിറ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ ആശംസ പറഞ്ഞു. പാസ്റ്റർ തോമസ് ഏബ്രഹാമിന്റെ നേതൃത്വത്തിൽ നടന്ന സംയുക്ത ആരാധനയിൽ നാഷണൽ കോർഡിനേറ്റർ പാസ്റ്റർ മാത്യു സാമുവേൽ സങ്കീർത്തനം വായിച്ചു. പാസ്റ്റർ ജോയി പി.ഉമ്മൻ തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി.

## ഉത്തരാഖണ്ഡിൽ ദുരിതാശ്വാസവുമായി സത്യം മിനിസ്ട്രീസ്

**ഡെറാഡൂൺ:** സത്യം മിനിസ്ട്രീസ് ഉത്തരാഖണ്ഡിലെ പ്രളയ ബാധിത മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി എത്തിച്ചേർന്നു. സത്യം ട്രസ്റ്റ് വൈസ് ചെയർമാൻ സാം സി. വടവനയുടെ നേതൃത്വത്തിൽ അഞ്ചംഗ സംഘം രക്ഷാപ്രവർത്തനത്തിലാണ്. ഡെറാഡൂൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ സോളിഡാരിറ്റി സൊസൈറ്റിയുമായി ചേർന്നാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നത്. ഭക്ഷണം, ഉടുതുണി, ലവ് ബക്കറ്റ്, വീൽ ചെയറുകൾ തുടങ്ങിയവ വിതരണം ചെയ്തുവരുന്നു. ഡോ. സൈമൺ സാമുവേൽ (ഭാരത് സമാചാര സമിതി), സതീഷ് ജോൺ, സാം തോമസ്, പി.കെ.സിംഗ് തുടയവർ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഉത്തരാഖണ്ഡിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകാരികളാവാൻ താത്പര്യമുള്ള സന്നദ്ധ സംഘടനകൾ, വ്യക്തികൾ ബന്ധപ്പെടുക. 9447126182

## മിനിസ്റ്റേഴ്സ് ഫാമിലി കോൺഫ്രൻസ്

ആലപ്പുഴ: ഐ.പി.സി. ആലപ്പുഴ വെസ്റ്റ് സെന്ററിലെ ശുശ്രൂഷകരുടെയും കുടുംബാംഗങ്ങളുടെയും സമ്മേളനം കലവൂർ ശാലേം സഭയിൽ ജൂൺ 15-ന് നടന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ജോർജ്ജ് ക്ലാസെടുത്തു. പാസ്റ്റർമാരായ എൻ സ്റ്റീഫൻ, ജോസഫ് ജോൺ എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു.


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| വിദേശത്തേക്ക് | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000


## കൺവൻഷൻ



ബാംഗ്ലൂർ: ഭദ്രാവതി കടൂർ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷയോഗം നടന്നു. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.എസ്.ജോസഫ്, പാസ്റ്റർമാരായ വി.ഡി.ജോൺ, സുവിശേഷകനും മുൻ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുമായ പാസ്റ്റർ ശശികാന്ത്, സി.പി.സാം, ജോബി ജോസഫ് എന്നിവർ പ്രസംഗിച്ചു. അരിശിക്കരെ ഏറിയാ ശുശ്രൂഷക സമ്മേളനവും പാസ്റ്റർ കെ.എസ്.ജോസഫിന്റെ നേതൃത്വത്തിൽ നടത്തി. 11 പേർ സ്നാനമേറ്റു.


## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

## യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# 25 വർഷത്തിന് ശേഷം പെന്തെക്കോസ്തിന് സംഭവിക്കുന്നത്



മലയാള മനോരമ അവരുടെ 125-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി 'ശതോത്തര രജത ജൂബിലി പതിപ്പ്' എന്ന പേരിൽ ഒരു വിശേഷാൽ പതിപ്പ് പുറത്തിറക്കി. പരസ്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ വേണ്ടി തയ്യാറാക്കിയ ഒരു വിശേഷാൽ പതിപ്പ് എന്നതിനപ്പുറം പ്രസക്തമായതൊന്നും ഇതിൽ ഇല്ലെന്നുള്ളതാണ് വാസ്തവം. എങ്കിലും ലളിത വായനക്കുതകുന്ന കൗതുകം ജനിപ്പിക്കുന്ന കുറെയേറെ വിഭവങ്ങളുണ്ട്. ഇന്നത്തെ കാലത്ത് നൂറുരൂപക്ക് നല്ലൊരു ഊണു പോലും കിട്ടില്ല. നൂറു രൂപ കൊടുത്തു വാങ്ങുന്നവന് വിഷമം തോന്നാതിരിക്കാനുള്ള വക ശതോത്തര പതിപ്പിലുണ്ട്. പ്രൊഫഷണലായി മലയാളിയെ കബളിപ്പിക്കാനുള്ള മനോരമയുടെ മിടുക്കിനെ അംഗീകരിക്കാതെ വയ്യ.

ശതോത്തര പതിപ്പിന്റെ ആദ്യഭാഗത്ത് അടുത്ത 25 വർഷം കഴിയുമ്പോൾ 'കേരളം എങ്ങനെയാകും' എന്ന് വിവിധ മേഖലകളിൽ നിന്നുള്ള 15 പേർ തയ്യാറാക്കിയ ചെറിയ കുറിപ്പുകളുണ്ട്. ഭാഷ, വിദ്യാഭ്യാസം, ആരോഗ്യം, വീട്, ടെക്നോളജി, ഭക്ഷണം, വസ്ത്രം തുടങ്ങി കുടുംബം വരെയുള്ള വിഷയങ്ങളാണ് പരാമർശിക്കപ്പെടുന്നത്. കേന്ദ്രമന്ത്രി ശശി തരൂർ മുതൽ നടൻ മോഹൻ ലാൽ വരെയുള്ളവരാണ് എഴുത്തുകാർ.

നിരീക്ഷണങ്ങളിൽ ചിലത്:

- വിദ്യാഭ്യാസ രംഗത്ത് പാഠപ്പുസ്തകങ്ങൾ അപ്രത്യക്ഷമാകും. ടാബ്ലറ്റ് കമ്പ്യൂട്ടറുകളുമായി കുട്ടികൾ സ്കൂളിൽ പോകും.
- ജനനനിരക്ക് ക്രമാതീതമായി കുറയും. പ്രായമായവരുടെ എണ്ണവും അവരുടെ ആരോഗ്യപ്രശ്നങ്ങളും വർദ്ധിക്കും.
- ചലിക്കുന്ന വീടുകൾ. ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് മാറ്റി പാർക്കു ചെയ്യാവുന്ന വീടുകൾ വരും.

ശരീരത്തിനകത്ത് പ്രവേശിച്ച് സൂക്ഷ്മ ശസ്ത്രക്രീയകൾ നടത്തുന്ന റോബോട്ടുകൾ ചികിത്സാരംഗത്ത് വ്യാപകമാകും.

- വാഹനങ്ങൾ പെരുകിയിട്ട് റോഡുകൾ നിശ്ചലമാകും.
- ഊർജ്ജ ആവശ്യങ്ങൾക്ക് സൂര്യപ്രകാശം പ്രധാന മാർഗ്ഗമാകും.
- കേരളത്തിൽ മലയാളിയുടെ എണ്ണം കുറയും. അന്യസംസ്ഥാന തൊഴിലാളികളുടെ വ്യാപക കുടിയേറ്റമാണ് ഈ അവസ്ഥ സൃഷ്ടിക്കുന്നത്.
- കേരളത്തിന്റെ മനോഹര കാലാവസ്ഥ മാറും. കഠിനമായ ചൂട് വർദ്ധിച്ച് നിരവധി പ്രശ്നങ്ങൾ ഉടലെടുക്കും.
- വിവാഹവും കുട്ടികളും വേണ്ടെന്ന് തീരുമാനിച്ച് ഒന്നിച്ച് ജീവിക്കുന്ന സ്ത്രീ പുരുഷന്മാർ ചേർന്ന 'കുടുംബങ്ങൾ' വ്യാപകമാകും.

കാൽ നൂറ്റാണ്ട് കഴിഞ്ഞുള്ള കേരളത്തെക്കുറിച്ച് ഒട്ടും ആഴമില്ലാത്ത ഉപരിപ്ലവമായ നിരീക്ഷണങ്ങളാണിവ. കാതലായ എത്രയെത്ര വിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടവയുണ്ട്. മനോരമയുടെ എഡിറ്റ് പേജുകളിൽ അത്തരം സീരിയസ് കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുമെന്ന് പ്രതീക്ഷിക്കാം.

ഏതായാലും ശതോത്തര മനോരമയിലെ നിരീക്ഷണങ്ങൾ വായിച്ചപ്പോൾ ഞാൻ വെറുതെ മലയാളി പെന്തെക്കോസ്തിനെക്കുറിച്ച് ചിന്തിച്ചു. ഒരു നൂറ്റാണ്ട് പിന്നിട്ട കേരളത്തിലെ പെന്തെക്കോസ്തിന് കാൽ നൂറ്റാണ്ടിന് ശേഷം എന്തു സംഭവിക്കും? എന്തൊക്കെ മാറ്റങ്ങൾക്ക് നമ്മുടെ സമൂഹം വിധേയമാകും. രസകരമായ ചിന്തക്കും ഗഹനമായ ചർച്ചകൾക്കും ഉതകുന്ന വിഷയമാണിത്.

ഈ വിഷയം മനസ്സിൽ കയറിയ അരമണിക്കൂർ കൊണ്ട് ചിന്തിച്ച ചിലത് കുറിയ്ക്കട്ടെ. കർത്താവിന്റെ വരവ് താമസിച്ചാൽ മാത്രം സംഭവിക്കാവുന്നവയാണീ കാര്യങ്ങൾ.

**സഭകൾ:** ഇപ്പോൾത്തന്നെ കേരളത്തിലെ വ്യവസ്ഥാപിത പെന്തെക്കോസ്ത് സഭകളെ യുവജനങ്ങൾ കൈവിട്ടു കഴിഞ്ഞു. യൂറോപ്പിലെ ക്രൈസ്തവ സഭക്ക് സംഭവിച്ചതുപോലെ ആരാധിക്കുവാൻ ആളില്ലാത്ത, കുറെ പ്രായമായവരുടെ ഫെലോഷിപ്പ് സെന്ററുകളായി സഭകളിൽ നല്ലൊരു പങ്ക് മാറിയേക്കാം.

**പുതിയ സഭകൾ:** വ്യക്തികേന്ദ്രീകൃതമായ സ്വതന്ത്രസഭകൾ വളരുകയും തളരുകയും ചെയ്യും. ഇന്നത്തെ പല ന്യൂ ജനറേഷൻ സഭകളും നടത്തുന്നവരുടെ മനോഭാവങ്ങൾക്കനുസരിച്ച് നിറം മാറുന്ന കൾട്ട് ഗ്രൂപ്പുകളായി മാറിയേക്കാം. അതേ സമയം ചില ന്യൂ ജനറേഷൻ സഭകൾ വ്യവസ്ഥാപിക പെന്തെക്കോസ്ത് സഭയുടെ ചട്ടക്കൂട് സ്വീകരിച്ച് വളർച്ച പ്രാപിച്ചേക്കാം.

**സഭാ ഹാളുകൾ:** സഭാ കെട്ടിടങ്ങളുടെ നവീകരണം അടുത്ത 25 വർഷത്തെ മുഖ്യപരിപാടിയായിരിക്കും. ആർഭാടപൂർണ്ണമായ ആരാധനാ മന്ദിരങ്ങൾ നിർമ്മിക്കപ്പെടും. മനോഹരമായ ഇരിപ്പിടം, ആകർഷകമായ സ്റ്റേജ്, സംഗീത ഉപകരണങ്ങൾ നിറഞ്ഞ ക്വയർ, എയർ കണ്ടീഷൻ, എൽ.സി.ഡി പ്രൊജക്ടർ തുടങ്ങിയ സൗകര്യങ്ങൾ വ്യാപകമാകും. പാർക്കിംഗിന് വേണ്ടി സഭകൾ പുതിയ സ്ഥലങ്ങൾ വാങ്ങിയേക്കാം. കേരളത്തിലെ ആയിരത്തോളം പെന്തെക്കോസ്ത് സഭകൾക്ക് ഈ മാറ്റം ഉണ്ടാകുവാൻ പോകുകയാണ്.

**സഭാ ഭരണം:** സഭാ ഭരണത്തിലും സഭാ രാഷ്ട്രീയത്തിലും തൽപ്പരരായ ചെറിയ വിഭാഗം എല്ലാക്കാലത്തും ഉണ്ടാകും. സഭാ ഭരണം പിടിക്കുവാൻ സത്യാഗ്രഹം, പോലീസ് ഇടപെടൽ, തുടങ്ങിയവ ഇപ്പോൾത്തന്നെ തുടങ്ങിയ സ്ഥിതിക്ക് വ്യവസ്ഥാപിത-പാരമ്പര്യ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ തിരഞ്ഞെടുപ്പുകൾ കലുഷിതമായ സംഭവങ്ങൾ കൊണ്ട് വാർത്തകളിൽ ഇടം നേടും. യാക്കോബായ-ഓർത്തഡോക്സ് സഭകളേപ്പോലെ നിരന്തര കോടതി വ്യവഹാരങ്ങൾ പ്രസ്ഥാനങ്ങളിൽ ഉടലെടുക്കും.

**ആഭരണം:** വിശ്വാസത്താലുള്ള രോഗസൗഖ്യം, വിശുദ്ധ ജീവിതം, വേർപാട് തുടങ്ങിയ മനോഹര ആശയങ്ങൾക്ക് കഴിഞ്ഞ നൂറു വർഷം കൊണ്ടുണ്ടായ അപചയം പോലെ തന്നെ നിരാഭരണത്വം എന്ന വേദപുസ്തക ഉപദേശമല്ലാത്ത ലളിത ജീവിത സംസ്ക്കാരം ക്രമേണ ഇല്ലാതാകും.

**കൺവൻഷനുകൾ:** കേരളത്തിൽ നടക്കുന്ന കൺവൻഷനുകളുടെ എണ്ണത്തിൽ കുറവുണ്ടാകും. എന്നാൽ വർഷാവർഷം നടക്കുന്ന ജനറൽ കൺവൻഷനുകൾ കൂടുതൽ ആർഭാടപൂർവ്വം നടത്തപ്പെടും.

**ബൈബിൾ കോളജുകൾ:** പഠിക്കുവാൻ മലയാളി വിദ്യാർത്ഥികളെ ലഭിക്കാത്തതിനാൽ ഉത്തരേന്ത്യാക്കാരെ വാടകക്കെടുത്താണ് ഇന്ന് പല ബൈബിൾ കോളജുകളും നിലനില്ക്കുന്നത്. കാലക്രമത്തിൽ പല സ്ഥാപനങ്ങളും നിന്നു പോകും. വിദേശ ഫണ്ടുകളുടെ ലഭ്യത കുറയുന്നതും പല സ്ഥാപനങ്ങളും പൂട്ടുന്നതിന് കാരണമാകും. പല സ്ഥാപനങ്ങൾക്കും തുച്ഛമായ വില കൊടുത്ത് വാങ്ങിയ ഭൂസ്വത്ത് ഇന്ന് സ്ഥലവിലയിലുണ്ടായ വർദ്ധവിനാൽ അനേക കോടികളുടെ സമ്പാദ്യമാണ്. നടത്തിപ്പുകാർ ഈ സ്വത്തിൽ കണ്ണ് വയ്ക്കുന്നതോടെ സ്ഥാപനങ്ങൾ പെട്ടന്ന് പൂട്ടുവാനുള്ള സാധ്യത കൂടുതലാണ്.

**യുവജന പ്രസ്ഥാനങ്ങൾ:** ഇപ്പോൾത്തന്നെ രോഗക്കിടക്കയിലായ യുവജനപ്രസ്ഥാനങ്ങൾ അന്ത്യശ്വാസം വലിക്കും. ചിലതൊക്കെ സ്കെലിറ്റനായി നിലനില്ക്കും.

**ആരാധന:** ആരാധനാ സമയം രണ്ടു മണിക്കൂറിലേക്ക് ചുരുങ്ങും. സാക്ഷ്യം എന്ന സമയം കൊല്ലി പരിപാടി അപ്രത്യക്ഷമാകും. ആരാധനക്ക് വേദപുസ്തകവുമായി പോകുന്നതിന് പകരം ടാബ്ലറ്റുകൾ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുന്നതിന് അംഗീകാരം ലഭിക്കും. സങ്കീർത്തനം വായനയും അതിൽ നിന്നുള്ള പ്രസംഗവും ക്രമേണ അപ്രത്യക്ഷമാകും. ആരാധനയിൽ പാട്ടിന്റെ പ്രാധാന്യം വർദ്ധിക്കും.

**സംഗീതം:** ക്രിസ്തീയ സംഗീതരംഗം ഇംഗ്ലീഷ്വത്ക്കരിക്കപ്പെടും. മലയാള ഗാനങ്ങൾ ഇപ്പോൾത്തന്നെ ഒരു സീസൺ കൊണ്ട് അസ്തമിക്കുന്നു. സി.ഡി ബിസിനസ് നിലച്ചതു കൊണ്ട് സങ്കീർത്തന വാക്യങ്ങൾ തലതിരിച്ചെഴുതി പാട്ടുണ്ടാക്കി പീഡിപ്പിക്കുന്ന ഗാനരചയിതാക്കൾ അപ്രത്യക്ഷരായേക്കും. യുവാക്കളുടെ യൂട്യൂബ് പോസ്റ്റുകൾ പുതിയ ട്രെൻഡുകൾക്ക് ജന്മം നൽകിയേക്കാം. അതിൽ ഭാഷയുടെ അതിർവരമ്പുകൾ അപ്രത്യക്ഷമാകും.

**വിവാഹം:** വിവാഹച്ചടങ്ങുകൾ രാത്രിയിൽ നടത്തുന്ന രീതി കേരളത്തിലും വ്യാപകമാകും. വിവാഹമോചിതരോട് കുറേക്കൂടി സഹാനുഭൂതിയോടെ ഇടപെടുവാനും പുനർവിവാഹങ്ങൾ നടത്തിക്കൊടുക്കുവാനും സഭകൾ തയ്യാറായേക്കും.

**സഭകൾ തമ്മിൽ:** പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ തമ്മിൽ യോജിപ്പോ സഹകരണമോ ഭാവിയിലും ഉണ്ടാകയില്ല. എന്നാൽ സമുദായ സഭകളോട് കുറേക്കൂടെ സഹകരിക്കുവാൻ പെന്തെക്കോസ്തർ തയ്യാറായേക്കും.

**മതപീഡനം:** കേരളത്തിലെ പെന്തെക്കോസ്ത് വിശ്വാസികൾക്കെതിരെ സംഘടിതമായ മതപീഡനം ഉണ്ടായേക്കാം. കഴിഞ്ഞ നാളുകളിൽ മതം മാറി ക്രൈസ്തവരായവരെ മടക്കിക്കൊണ്ടു പോകുവാനുള്ള ഉത്തരേന്ത്യൻ മോഡൽ ശ്രമങ്ങളുണ്ടായേക്കാം.

**മിഷൻ:** മിഷൻ ഓർഗനൈസേഷനുകൾ മിഷൻ വർക്കിനേക്കാൾ പ്രസ്ഥാനത്തിന്റെ മാനേജ്മെന്റ് ചിലവുകൾ വർദ്ധിപ്പിച്ച് ലക്ഷ്യം നഷ്ടപ്പെടുന്ന പ്രവണത ഇപ്പോഴുണ്ട്. ഭാവി മിഷണറി പ്രസ്ഥാനങ്ങളുടേതല്ല. ചില ലോക്കൽ സഭകൾ മിഷണറി സഭകളായി മാറുന്ന പ്രവണത ഇപ്പോഴുണ്ട്. ഈ പ്രവണത വർദ്ധിച്ചാൽ മിഷൻ ഫീൽഡിൽ പ്രതീക്ഷക്ക് വകയുണ്ട്. മിഷണറി പ്രസ്ഥാനങ്ങൾ വ്യാജകണക്കുകളും റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ച് ഫണ്ട് പിരിക്കുന്ന സ്ഥാനത്ത് ലോക്കൽ സഭകൾ നേരിട്ട് മിഷൻ ഫീൽഡുകൾ ഏറ്റെടുക്കുമ്പോൾ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യപ്പെടുകയും ഫലകരമാകുകയും ചെയ്തേക്കാം.

**കേരളത്തിൽ മറുഭാഷാ സഭകൾ:** പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് ലക്ഷ്യബോധമുണ്ടെങ്കിൽ കേരളത്തിൽ ഹിന്ദി, ബംഗാളി, ഒറിയ സഭകൾ സ്ഥാപിക്കപ്പെടും. അന്യഭാഷാ തൊഴിലാളികൾ കേരളത്തിലേക്ക് കുടിയേറിയിരിക്കുന്ന ഈ അവസരം ഉപയോഗപ്പെടുത്തുവാൻ പെന്തെക്കോസ്ത് സഭകൾ ഇതുവരെ പദ്ധതി ഉണ്ടാക്കിയിട്ടില്ല. കേരളത്തിൽ ഇംഗ്ലീഷ് സഭകൾ സ്ഥാപിക്കേണ്ടുന്ന കാലവും അതിക്രമിച്ചു. ലോക്കൽ സഭകളിലുള്ള ഇംഗ്ലീഷ് വർഷിപ്പല്ല. ഭാവിയിൽ കേരളത്തിലെ പട്ടണങ്ങളിൽ ഇംഗ്ലീഷ് സഭകൾ ഉണ്ടായേക്കാം.

**ബിഷപ്പുമാർ:** റവറന്റിനും, ഡോക്ടറേറ്റിനും അംഗീകാരം ലഭിച്ചതുപോലെ പെന്തെക്കോസ്തിൽ ബിഷപ്പ് ഉണ്ടായേക്കാം. ബിഷപ്പായി സമുദായ രൂപം സ്വീകരിച്ച ബിഷപ്പ് കെ.പി.യോഹന്നാനും സഭയും പെന്തെക്കോസ്തിലേക്ക് മടങ്ങിവന്നേക്കാനും സാദ്ധ്യതയുണ്ട്.

ഇങ്ങനെ 25 വർഷങ്ങൾക്കകം പെന്തെക്കോസ്ത് സമൂഹത്തിനുണ്ടാകാവുന്ന രൂപ പരിണാമങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് രസകരമാണ്. ഒരു പക്ഷേ എന്റെ നിരീക്ഷണങ്ങളോട് നിങ്ങൾ വിയോജിച്ചേക്കാം. 25 വർഷത്തിന് ശേഷം പെന്തെക്കോസ്ത് എങ്ങനെയാകും എന്നതിനെക്കുറിച്ച് നിങ്ങളുടെ മനസ്സിലുള്ള ആശയങ്ങൾ എഴുതാമോ? ചെറിയ കുറിപ്പുകൾ അയക്കുക. ഹാലേലൂയ്യായിൽ പ്രസിദ്ധീകരിക്കാം.

## ഡബ്ല്യു.എം.ഇ. ഒറീസ്സാ സ്റ്റേറ്റ് കൺവൻഷൻ



ഗജപതി (ഒറീസാ): ഡബ്ല്യു.എം.ഇ. ഒറീസ്സാ സഭകളുടെ സംസ്ഥാന കൺവൻഷൻ ഗജപതി ജില്ലയിലുള്ള പർലഖേമണ്ഡി ഡബ്ല്യു.എം.ഇ.ക്യാമ്പസിൽ നടന്നു. ഓവർസിയർ റവ.ഡി.സി.എച്ച് ബർദൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് റവ.ഒ.എം.രാജുക്കുട്ടി മുഖ്യസന്ദേശം നൽകി. പാസ്റ്റർ രജത് കുമാർ ബീരോ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഒ.എം.രാജുക്കുട്ടി-സൂസൻ രാജുക്കുട്ടി എന്നിവർ രചിച്ച് ഈണം നൽകിയ 'നന്മ പ്രാപിക്കും തിന്മ തൊടുകയില്ല' എന്ന സിഡിയിലെ ഗാനങ്ങളുടെ ഒഡിയാ പരിഭാഷയുടെ ആദ്യകോപ്പി ഒഡീഷാ ക്രിസ്ത്യൻ അസോസിയേഷൻ പ്രസിഡന്റ് പാസ്റ്റർ ആമോസ് ബർദന് ആദ്യകോപ്പി നൽകി പാസ്റ്റർ ഒ.എം.രാജുക്കുട്ടി നിർവ്വഹിച്ചു.

## സ്നേഹാക്ഷരങ്ങൾ പ്രകാശനം ചെയ്തു

തിരുവനന്തപുരം: പാസ്റ്റർ ഡി.കുഞ്ഞുമോൻ പോത്തൻകോട് രചിച്ച് ഡി.കെ.ബുക്സ് പ്രസിദ്ധീകരിച്ച സ്നേഹാക്ഷരങ്ങൾ എന്ന കവിതാ സമാഹാരം മെയ് 3ന് പാസ്റ്റർ എൻ.ക്രിസ്തുദാസ് പ്രകാശനം ചെയ്തു. പാസ്റ്റർ എ.രാജൻ പ്രഥമ പ്രതി ഏറ്റു വാങ്ങി. പാസ്റ്റർ ബിജു ദാനം അദ്ധ്യക്ഷത വഹിച്ചു.

## കൺവൻഷൻ

ചിക്കാഗോ: ഗിൽഗാൽ പെന്തെക്കോസ്തൽ അസംബ്ലിയുടെ വാർഷിക കൺവൻഷൻ ജൂൺ 28-29 ഇല്ലിനോയിസ് കമ്യൂണിറ്റി ചർച്ച് ഓഫ് റോളിംഗ് മെഡോസിൽ നടന്നു. ഡോ. ക്രിസ് ജാക്സൻ പ്രസംഗിച്ചു.

## പുകയില വിരുദ്ധ ഡോക്യുമെന്ററി



നെടുംകണ്ടം: ഷെക്കേന ഇവാഞ്ചലിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ പുകയില മൂലമുണ്ടായ മാരക പ്രശ്നങ്ങളെ ശാസ്ത്രീയമായി ബോധ്യപ്പെടുത്തുന്ന ഡോക്യുമെന്ററി ഫിലിം മെയ് 31-ന് പ്രകാശനം ചെയ്തു. ഡോ.കെ.വി.മാത്യുവാണ് ഇതിൽ പ്രധാന വേഷം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഫിലിം പ്രദർശനം നടത്തി ബോധവത്ക്കരണം നടത്തുവാൻ ഷെക്കേന മിഷൻ പദ്ധതിയൊരുക്കുന്നു. ഫോൺ: 9447825219

## പാസ്റ്റർക്കും ഭാര്യക്കും മർദ്ദനമേറ്റു



പാലക്കാട്: ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഇന്ത്യാ പറളി ദൈവസഭയുടെ ശുശ്രൂഷകൻ വിജയൻ എം, ഭാര്യ ഭാരതി വിജയൻ എന്നിവർ വിശ്വാസിയുടെ ഭവനം സന്ദർശിച്ച് രോഗിക്കു വേണ്ടി പ്രാർത്ഥിച്ച് മടങ്ങി വരുന്ന വഴിയിൽ ജൂൺ 5-ന് സുവിശേഷ വിരോധികൾ ക്രൂരമായി മർദ്ദിച്ചു. എടത്തറ പറളി ദേശത്തുള്ള ഒരു കൂട്ടം ആളുകൾ സ്കൂട്ടർ തടഞ്ഞു നിർത്തി ടയറിന്റെ കാറ്റഴിച്ചു വിടുകയും താക്കോൽ ഊരിയെടുക്കുകയും ചെയ്ത ശേഷം, പാസ്റ്ററെ വലിച്ചിഴച്ച് 30 മീറ്ററോളം കൊണ്ടു പോയി മർദ്ദിക്കുകയായിരുന്നു. നിലവിളിച്ച ഭാരതിയെ വടി കൊണ്ടും ചെരിപ്പു കൊണ്ടും തലയ്ക്കും ചെവിയിലും അടിക്കുകയും അടിവയറിന് തൊഴിച്ച് താഴെയിട്ടു. പാലക്കാട് ആശുപത്രിയിൽ ചികിത്സയിലായിരുന്നു ഭാരതി. എട്ടു പേർക്കെതിരെ മങ്കര പോലീസ് കേസെടുത്തു. ആരെയും അറസ്റ്റു ചെയ്തിട്ടില്ല. മലയാള മനോരമ വാർത്തപ്രകാരം ആൾ ഇന്ത്യാ ക്രിസ്ത്യൻ കൗൺസിൽ തൃശൂർ-പാലക്കാട് പ്രതിനിധികൾ മങ്കര പോലീസിൽ പരാതി കൊടുത്തിട്ടുണ്ട്.

പ്രതികരണം



ഫിലിപ്പോസ് കുളക്കട



# മഴ ആരംഭിച്ചത് എന്നുമുതൽ

**ശാസ്ത്രം അനുസരിച്ച് ഏതു കാലത്ത് ജലത്തിൽ ചൂടു തട്ടുവാൻ തുടങ്ങിയോ അക്കാലത്തു തന്നെ മഴയും തുടങ്ങി എന്ന കാര്യം അനിഷേധ്യമാണ്. 6 ദിവസത്തെ സൃഷ്ടിവിവരണത്തിൽ 4-ാം ദിവസം സൂര്യനെ സൃഷ്ടിച്ചു എന്നാണ് ബൈബിൾ പറയുന്നത്. ഉല്പ 1:14-19. അക്കാലത്ത് സൂര്യന് ചൂടുണ്ടായിരുന്നു എങ്കിൽ വെള്ളം ആവിയായി തീർന്നിട്ടുണ്ടെന്നും കാറ്റുണ്ടായിരുന്നെങ്കിൽ നീരാവി അന്തരീക്ഷത്തിൽ വ്യാപിച്ചു എന്നും അത് അക്കാലത്തു തന്നെ മഴയായി പെയ്തു എന്നും സമ്മതിച്ചേ തീരൂ.**

ഹാലേലൂയ്യാ ദ്വൈവാരികയിൽ ജോസഫ് ഇടക്കാട്ടിൽ എഴുതുന്ന "സൃഷ്ടിയോ പരിണാമമോ" എന്ന പരമ്പരയിൽ 2013 ഏപ്രിൽ 15 ലക്കത്തിൽ നോഹയുടെ കാലത്താണ് ആദ്യമായി മഴ പെയ്തത് എന്ന് എഴുതിയിരിക്കുന്നു. അതാണ് ഈ കുറിപ്പിനു കാരണം.

മഴയുടെ ആരംഭം എന്നാണ് എന്ന വിഷയം വിശ്വാസികൾക്ക് ഒരു പ്രസക്ത വിഷയമല്ല. എന്നിരുന്നാലും മഴയേപ്പറ്റി മാത്രമല്ല പ്രപഞ്ചത്തിന്റെ മുഴുവൻ ആരംഭത്തെപ്പറ്റിയുള്ള ബൈബിൾ സിദ്ധാന്തങ്ങൾ പരിണാമവാദികളും യുക്തിവാദികളും ചോദ്യം ചെയ്യുന്നതിനാൽ അവകളെപ്പറ്റിയെല്ലാം സുവിശേഷ എഴുത്തുകാരും പരാമർശിക്കേണ്ടി വരുന്നു. അതായിരിക്കാം അദ്ദേഹം അക്കാര്യം പരാമർശിച്ചത്. അത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സുവിശേഷ എഴുത്തുകാർ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. എഴുതുന്ന കാര്യങ്ങൾ വേദാധിഷ്ഠിതമായിരിക്കണം. ശാസ്ത്രവിരുദ്ധമാകയുമരുത്. അല്ലാതെ വന്നാൽ എഴുത്തുകാരനും ദൈവവചനവും അവമതിക്കപ്പെടും.

നോഹയുടെ കാലത്തെ ജലപ്രളയത്തിന് മുൻപ് മഴപെയ്തിട്ടുണ്ടെന്നോ ഇല്ലെന്നോ വ്യക്തമായി ബൈബിളിൽ പറയുന്നില്ല. മഴ പെയ്തിട്ടുണ്ടെന്നോ ഇല്ലെന്നോ തെളിയിക്കേണ്ടി വന്നാൽ വ്യഖ്യാനിച്ചാണ് തെളിയിക്കേണ്ടത്. എഴുത്തുകാരൻ അതിന് ശ്രമിച്ചു കാണുന്നില്ല. ആധികാരികമെന്നവണ്ണം പ്രസ്താവിച്ചിരിക്കയാണ്. വേദാടിസ്ഥാനമില്ലാത്ത പല കാര്യങ്ങളും ആധികാരികം എന്നപോലെ വേദശാസ്ത്രികൾ എന്നഭിമാനിക്കുന്ന പലരും എഴുതിയിട്ടുണ്ട്. അതിലൊന്നാണ് മുകളിൽ പറഞ്ഞ മഴ സിദ്ധാന്തം. വേദശാസ്ത്രികളും പലരും പൂർവ്വീക വ്യാഖ്യാതാക്കളെ അനുകരിക്കയല്ലാതെ സ്വയം പഠനത്തിനു തയ്യാറാകുന്നില്ല എന്നതാണ് അത്തരം സിദ്ധാന്തങ്ങൾ പിന്തുടരുവാൻ കാരണം. നോഹയുടെ കാലത്തെ ജലപ്രളയത്തിന് മുൻപ് ഭൂമിയിൽ മഴ പെയ്തിരുന്നു എന്നാണ് എന്റെ പഠനത്തിൽ നിന്നും എനിക്കു മനസ്സിലായിട്ടുള്ളത്. അതിനുള്ള ന്യായങ്ങൾ അവതരിപ്പിച്ച ശേഷം എതിർ ന്യായങ്ങളുടെ ആധികാരികതയേപ്പറ്റി പരിശോധിക്കാം.

മഴയുടെ ആരംഭത്തെപ്പറ്റി മൂന്നു വിധ തെളിവുകളാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഓരോന്നിനെപ്പറ്റിയും സവിസ്തരം പ്രതിപാദിക്കുവാൻ ഇതിൽ സാദ്ധ്യമല്ലല്ലോ. ഹ്യസ്വമായി പരാമർശിക്കാം.

1. ബൈബിൾ പ്രസ്താവനകൾ
2. മഴയേപ്പറ്റിയുള്ള ശാസ്ത്രം.
3. ഇതര ന്യായങ്ങൾ

മഴയുടെ ആരംഭത്തെപ്പറ്റി വ്യക്തമായി ബൈബിളിൽ പറയുന്നില്ല. എങ്കിലും മഴയുടെ ആരംഭം ഏതു കാലത്തായിരുന്നു എന്നു തെളിയിക്കത്തക്ക ന്യായങ്ങൾ ബൈബിളിൽ നിന്നും ലഭിക്കുന്നുണ്ട്. മഴ ദൈവസൃഷ്ടിയാണ്. സങ്കീ 148: 4-6, യിര 14:22. ആറു ദിവസം കൊണ്ടാണ് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും സൃഷ്ടിച്ചത് (പുറ 20:11) അതിനർത്ഥം ആ ദിവസങ്ങളിൽ മഴ ആരംഭിച്ചു എന്നാണ്. ആറു ദിവസ സൃഷ്ടിയിൽ മഴ ഉൾപ്പെടുന്നില്ല എന്ന് വാദിക്കുന്നവർ അതിനുള്ള ന്യായങ്ങൾ അവതരിപ്പിക്കട്ടെ. തുടർന്ന് ന്യായങ്ങളും ബൈബിൾ ആധാരമാക്കിയുള്ളതാകയാൽ കൂടുതൽ ബൈബിൾ പ്രസ്താവനകൾ ഇവരും നൽകുന്നില്ല.

***2. മഴ ശാസ്ത്രം.***

മഴ എന്ന പദത്തിന് ബൈബിളിൽ താഴെപ്പറയുന്ന നിർവചനം കൊടുത്തിരിക്കുന്നു. "സമുദ്രത്തിലെ വെള്ളത്തെ വിളിച്ചു ഭൂമിയിൽ പകരുന്ന" താണ് മഴ. ആമോ 5:8, 9:6. അതിനു ഒരു കാർമ്മികനുണ്ടെന്നും അത് ദൈവമാണെന്നും അവിടെ തന്നെ വ്യക്തമാണല്ലോ. ചില പ്രക്രിയകളിലൂടെയാണ് ദൈവം അത് ചെയ്യുന്നത്. ജലത്തിൽ ചൂടു തട്ടുമ്പോൾ ജലകണികകൾ ആവിയായി ഉയരുന്നു. കാറ്റ് അതിനെ അന്തരീക്ഷത്തിൽ വ്യാപിപ്പിക്കുന്നു. അത് തണുത്ത് ജലമായി ഭൂമിയിൽ പതിക്കുന്നതാണ് മഴ. അതൊന്നും ദൈവത്തിന്റെ പ്രവൃത്തിയാണെന്ന് ദൈവനിഷേധികൾ സമ്മതിക്കയില്ലെങ്കിലും മഴയുണ്ടാകുന്നതിലുള്ള പ്രക്രിയകളെപ്പറ്റി ഇതിലധികം ശാസ്ത്രമൊന്നും പരിണാമ വാദികൾക്കും പറയാനില്ല.

മുകളിൽ പറഞ്ഞ ശാസ്ത്രം അനുസരിച്ച് ഏതു കാലത്ത് ജലത്തിൽ ചൂടു തട്ടുവാൻ തുടങ്ങിയോ അക്കാലത്തു തന്നെ മഴയും തുടങ്ങി എന്ന കാര്യം അനിഷേധ്യമാണ്. 6 ദിവസത്തെ സൃഷ്ടിവിവരണത്തിൽ 4-ാം ദിവസം സൂര്യനെ സൃഷ്ടിച്ചു എന്നാണ് ബൈബിൾ പറയുന്നത്. ഉല്പ 1:14-19. അക്കാലത്ത് സൂര്യന് ചൂടുണ്ടായിരുന്നു എങ്കിൽ വെള്ളം ആവിയായി തീർന്നിട്ടുണ്ടെന്നും കാറ്റുണ്ടായിരുന്നെങ്കിൽ നീരാവി അന്തരീക്ഷത്തിൽ വ്യാപിച്ചു എന്നും അത് അക്കാലത്തു തന്നെ മഴയായി പെയ്തു എന്നും സമ്മതിച്ചേ തീരൂ. വെയിലാറിയപ്പോൾ യഹോവ തോട്ടത്തിൽ നടന്നു. ഉല്പ 3:8. അക്കാലത്ത് വെയിൽ ഉണ്ടായിരുന്നു എന്നു അത് തെളിയിക്കുന്നില്ലേ? ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വർഷവും രാവും പകലും നിന്നുപോകയില്ല" എന്ന് യഹോവ നോഹയോടു കല്പിച്ചു. ഉല്പ 8:22 ഇവിടെ പറയുന്ന പ്രകൃതി നിയമങ്ങൾ എല്ലാം ഒരേ കാലത്താണ് തുടങ്ങിയത് എന്നല്ലേ അതിൽ നിന്നും മനസ്സിലാക്കേണ്ടത്? അതിൽ വർഷം മാത്രം 1500-ൽ അധികം സംവത്സരങ്ങൾക്ക് ശേഷമാണ് തുടങ്ങിയത് എന്നതിന് വല്ല തെളിവും ഉണ്ടോ?

***3. ഇതര ന്യായങ്ങൾ***

സസ്യ-വൃക്ഷ-ലതാദികൾക്ക് വളരുവാൻ അത്യാവശ്യമായ രണ്ട് ഘടകങ്ങളാണ് ചൂടും ജലവും. ഇവ രണ്ടുമില്ലാതെ അവകളൊന്നും വളരുകയില്ല. ആദാമിനെ സൃഷ്ടിച്ച് 1556 സംവത്സരങ്ങൾക്ക് ശേഷമാണ് ജലപ്രളയമുണ്ടായത് എന്ന് ഉല്പത്തി 5-ാം അദ്ധ്യായത്തിലെ കാലക്കണക്കുകൾ തെളിയിക്കുന്നു. മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുൻപ് സസ്യങ്ങളും വൃക്ഷങ്ങളും സൃഷ്ടിക്കപ്പെട്ടു എന്നും ബൈബിൾ തെളിയിക്കുന്നു. അത്രയും നാളും ചൂടുണ്ടായിരുന്നു എന്നും എന്നാൽ നീരാവി ഇല്ലായിരുന്നു എന്നും മഴ ഇല്ലായിരുന്നു എന്നും വേദശാസ്ത്രം കൊണ്ട് തെളിയിക്കാൻ കഴിയുന്നവർ അത് ചെയ്യട്ടെ.

ഇനിയും എതിർ ന്യായങ്ങൾ പരിശോധിക്കാം

മുൻ പറഞ്ഞ ലേഖനത്തിൽ എഴുത്തുകാരൻ തെളിവുകൾ ഒന്നും അവതരിപ്പിച്ചിട്ടില്ല. നിലവിലുള്ള സിദ്ധാന്തമാകയാൽ ആധികാരികം എന്ന നിലയിലായിരിക്കാം അദ്ദേഹം എഴുതിയത്. പ്രസ്തുത സിദ്ധാന്തക്കാർ ആധാരമാക്കുന്ന രണ്ടു വേദഭാഗങ്ങളാണ് എന്റെ അറിവിൽ പെട്ടിട്ടുള്ളത്. അതാണ് ഇവിടെ ചിന്താ വിഷയമാക്കുന്നത്.

1. ഉല്പ 2:4-6. വയലിലെ ചെടി ഒന്നും അതുവരെ ഭൂമിയിൽ ഉണ്ടായിരുന്നില്ല. വയലിലെ സസ്യം ഒന്നും മുളച്ചിരുന്നില്ല. യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല. നിലത്ത് വേല ചെയ്യാൻ മനുഷ്യനും ഉണ്ടായിരുന്നില്ല. വയലിലെ ചെടികളും സസ്യങ്ങളും നിലത്തു വേല ചെയ്യാൻ മനുഷ്യനും ഇല്ലാതിരുന്ന കാലത്താണ് ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിട്ടില്ലാതിരുന്നത് എന്ന് അവിടെ തന്നെ വ്യക്തമായിരിക്കെ അതിനെ ചെടികളും സസ്യങ്ങളും മനുഷ്യനും ഉണ്ടായ ശേഷമുള്ള കാലത്തേപ്പറ്റിയാണെന്ന് വ്യാഖ്യാനിക്കാനുള്ള ന്യായം എനിക്കു മനസിലായിട്ടില്ല. എന്റെ അറിവനുസരിച്ച് അത്തരം വ്യാഖ്യാനം വിരുദ്ധകാല പ്രയോഗമാണ്. അതൊഴിവാക്കണം എന്നതാണ് വ്യാഖ്യാന നിയമം.

2. എബ്രാ 11:7. "വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുബത്തിന്റെ രക്ഷക്കായിട്ട് ഒരു പെട്ടകം തീർത്തു". അതിലെ അതുവരെ കാണാത്തവ ആണ് ഇവിടുത്തെ പ്രശ്നം. അവ എന്താണെന്ന് വ്യാഖ്യാനിച്ചു കണ്ടുപിടിക്കണം. എബ്രാ 11ലെ വിഷയം പഴയനിയമ പിതാക്കന്മാരുടെ വിശ്വാസത്താലുള്ള പ്രവർത്തിയാണല്ലോ. നോഹയുടെ വിശ്വാസത്തിന്റെ പ്രവൃത്തി പെട്ടകം തീർത്തതാണ്. അരുളപ്പാടുണ്ടായിട്ടാണല്ലോ പെട്ടകം തീർത്തത്. പെട്ടകം തീർക്കാൻ കാരണമായി എന്തു സംഭവിക്കുമെന്നാണോ അരുളപ്പാടുണ്ടായത്. അതാണ് നോഹ വിശ്വസിച്ചത്. അതെന്താണെന്ന് കണ്ടുപിടിക്കുവാൻ ഉദ്ധൃത ചരിത്രം പരിശോധിക്കുകയാണ് ഏക മാർഗ്ഗം.

ഉല്പത്തി പുസ്തകം 6,7 അദ്ധ്യായങ്ങളിലാണ് ആ ചരിത്രം കാണുന്നത്. ഭൂമി അതിക്രമം കൊണ്ട് നിറഞ്ഞതിനാൽ അതിലുള്ള ജീവജാലങ്ങളെ നശിപ്പിക്കുവാൻ യഹോവ തീരുമാനിച്ചു. പ്രളയാനന്തര ഭൂമിയിൽ സന്തതികൾ ശേഷിക്കേണ്ടതിന് നോഹയേയും കുടുംബത്തേയും ജീവജാലങ്ങളിൽ നിന്ന് ചിലതിനേയും രക്ഷിക്കാനാണ് പെട്ടകം തീർക്കാൻ കല്പിച്ചത്. ആകാശത്തിൻ കീഴിൽ നിന്ന് ജീവശ്വാസമുള്ള സർവ്വജഡത്തേയും നശിപ്പിപ്പാൻ ഞാൻ ഭൂമിയിൽ ഒരു ജലപ്രളയം വരുത്തും എന്നാണ് അരുളപ്പാടുണ്ടായത്. ഉല്പ 6:17. അത് സംഭവിക്കും എന്നാണ് നോഹ വിശ്വസിച്ചത്. അത് തെളിയിക്കുന്നത് 'അതുവരെ കാണാത്തവ' ജലപ്രളയമാണെന്നാണ്. ജലപ്രളയമുണ്ടാകാനുള്ള മുഖാന്തിരങ്ങളെപ്പറ്റി ദൈവം നോഹയെ അറിയിച്ചതായി അവിടെ രേഖപ്പെടുത്തിയിട്ടില്ല. ഉല്പ 6:22 ൽ പറയുന്നു 'ദൈവം തന്നോടു കല്പിച്ചതൊക്കെയും നോഹ ചെയ്തു. അങ്ങനെ തന്നെ അവൻ ചെയ്തു'. അതിന്റെ അർത്ഥം പെട്ടകം തീർത്തു എന്നാണല്ലോ.

മഴ തുടങ്ങുന്നതിന് 7 ദിവസം മുമ്പ് നോഹയും കുടുംബവും പെട്ടകത്തിൽ കടക്കുവാൻ പറഞ്ഞപ്പോഴാണ് 40 ദിവസം മഴ പെയ്യും എന്ന് യഹോവ നോഹയെ അറിയിച്ചത്. ഉല്പ 7:1-4 അത് തെളിയിക്കുന്നത് നോഹ വിശ്വസിച്ചത് മഴ പെയ്യും എന്നല്ല എന്നാണ്. മഴയും ജലപ്രളയവും ഒന്നല്ല എന്നും മഴ ജലപ്രളയമല്ല എന്നും അറിയാത്തവർ കാണുകയില്ലല്ലോ. അമിത മഴ ജലപ്രളയവും നാശവും ഉണ്ടാക്കുമെങ്കിലും മഴ ശാപമായിട്ടോ ശിക്ഷാ വിധിയായിട്ടോ അല്ല അനുഗ്രഹമായിട്ടാണ് ബൈബിളിൽ പറയുന്നത്.

പെട്ടകം പണിയുന്നതിന് മുമ്പ് തന്നെ നാല്പത് ദിവസം തുടർച്ചയായി മഴപെയ്യുമെന്നും ദൈവം നോഹയെ അറിയിച്ചിരുന്നു എന്ന് ആരെങ്കിലും വാദിച്ചാൽ ഞാൻ അതിനെ എതിർക്കുന്നില്ല. അങ്ങനെ തെളിയിച്ചാലും അതുവരെ കാണാത്തവ എന്ന് പറയുന്നത് മഴയേപ്പറ്റിയാണെന്നുള്ളതിന് അത് തെളിവാകയില്ല. മഴ പെയ്യും എന്ന് മാത്രമല്ല നാല്പത് ദിവസം മഴ പെയ്യും എന്നാണ് ദൈവം പറയുന്നത്. നാല്പത് ദിവസത്തെ തുടർ മഴ അതുവരെ കാണാത്തവയാണെന്ന് സമ്മതിക്കാം. അതുകൊണ്ട് ഒരിക്കലും ഭൂമിയിൽ മഴ പെയ്തിട്ടില്ല എന്നതിന് അത് എങ്ങനെ തെളിവാകും.

ഇനി മറ്റൊരു വസ്തുത. ജലപ്രളയത്തിന് മുഖാന്തിരം മഴ മാത്രമല്ല. മഴ രണ്ടാമത്തെ കാരണമാണ്. പ്രധാന കാരണം ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്നതാണ് (ഉല്പ 7:11) ആഴിയുടെ ഉറവുകൾ പിളരാതെ നാല്പത് ദിവസമല്ല നൂറ് ദിവസം മഴ പെയ്താലും സകല പർവ്വതങ്ങൾക്കും മീതെ ജലപ്രളയമുണ്ടാകയില്ല. കാരണം ജലം ആവിയായി ഉയർന്നാണല്ലോ മഴയായി പെയ്യുന്നത്. ജലം ആവിയായി മാറുമ്പോൾ അത്രയും ജലം സമുദ്രത്തിൽ കുറയും മഴയായി ഭൂമിയിൽ പതിക്കുന്ന ജലം സമുദ്രത്തിൽ ഒഴുകിയെത്താനുള്ള സമയത്തേക്കു മാത്രമെ മഴയാൽ ഭൂമിയിൽ പ്രളയമുണ്ടാകയുള്ളു. ആദിമ ഭൂമി വെള്ളത്താൻ മൂടപ്പെട്ടത് എങ്ങനെ? നോക്കുക. ഇയ്യോ 38:4-10 (വാക്യം 8)

നോഹയുടെ കാലത്താണ് ആദ്യമായി മഴ പെയ്തത് എന്ന് ഏതെങ്കിലും വിധത്തിൽ തെളിയിക്കാൻ ആരാലും കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

## സ്കൂൾ കിറ്റ് വിതരണം

വെള്ളറട: ന്യൂ ഇന്ത്യാ ദൈവസഭ നെയ്യാർ ഡാം സെന്ററിന്റെ ആഭിമുഖ്യത്തിൽ മെയ് 29-ന് കൊറ്റം പള്ളി സഭാ ഹാളിൽ 100 കുട്ടികൾക്ക് സ്കൂൾ കിറ്റ് വിതരണം ചെയ്തു. പാസ്റ്റർ പ്രഹ്ലാദൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ സി.ജെ.രാജൻ, രതീഷ് എന്നിവർ പ്രസംഗിച്ചു. റവ. റ്റി.എ.തോമസ് വിതരണം നടത്തി.

**അത്ഭുതകരമായ ദൈവിക വിടുതൽ പ്രയർസെന്റർ 24 hours**

നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചനപ്രകാരം പ്രാർത്ഥിച്ച്, അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും ബന്ധപ്പെടുക. മാനസിക രോഗികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നതാണ്.

Kottayam, Kerala,
Mobile No.9605829827,
9946459441, 9747492830,

**വീട്ടുജോലിക്ക് ആളെ ആവശ്യമുണ്ട്**

പുനലൂരിൽ കുഞ്ഞുങ്ങളെ നോക്കുന്നതിനും വീട്ടു ജോലി ചെയ്യുന്നതിനും വിശ്വസ്തരായ ആളെ ആവശ്യമുണ്ട്
ശമ്പളം-10000 രൂപ
**ബന്ധപ്പെടുക:**
**ഫോൺ: 9656517606**

**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,**
**പത്തനംതിട്ട (Dist).**

# കുമ്പനാടും 40 ദിന അനുഭവക്കുറിപ്പുകളും



പാസ്റ്റർ സാം പനച്ചയിൽ





**എ**ന്റെ സ്വപ്ന സാക്ഷാൽക്കാരമായിരുന്നു കുമ്പനാട്ട് ഏപ്രിൽ മുതൽ മെയ് 25 വരെ ആത്മാവിന്റെ അഗ്നിമഴ പെയ്ത 40 ദിനരാത്രങ്ങൾ. 2009-ൽ പി.വൈ.പി.എ.യുടെ കേരളാ സംസ്ഥാന ഘടകത്തിന്റെ സെക്രട്ടറിയായി ഞാൻ തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് എന്റെ മനസ്സിൽ ഒരാഗ്രഹം മുളച്ചുവന്നു. പി.വൈ.പി.എ.യുടെ നേതൃത്വത്തിൽ വന്നാൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുമ്പ് 21 ദിന ഉപവാസ പ്രാർത്ഥന ഹെബ്രോൻപുരത്ത് നടത്തണമെന്ന്. ഈ ആഗ്രഹം ഉണ്ടാകുവാനുള്ള മറ്റൊരു കാരണമുണ്ട്. 1999-2000 വർഷത്തിൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിൽ പി.ജി.കോഴ്സിന്റെ പഠനം പൂർത്തീകരിക്കപ്പെട്ട് ശുശ്രൂഷാ മേഖലകളിലേക്ക് പോകുന്നതിന് മുമ്പ് സഹപാഠികളായ സഹോദരന്മാർ ഒരുമിച്ച് ഒരു തീരുമാനം എടുത്തു. ഗ്രാജുവേഷന് ശേഷം 21 ദിവസം പൂർണ്ണ ഉപവാസത്തിൽ ഹെബ്രോൻപുരത്ത് ഇരിക്കുക. അതിന് ശേഷം കർതൃവേലക്കായി ഇറങ്ങാമെന്നും. എന്നാൽ നിർഭാഗ്യവശാൽ ആ പ്രാർത്ഥന ഹെബ്രോൻപുരത്ത് ഞങ്ങൾക്ക് നടത്തുവാൻ കഴിയാതെപോയി.... ആ സമയത്ത് അതിന് പകരം ഞങ്ങളുടെ സഹപാഠിയായിരുന്ന തൃശൂർ അത്താണിയിലുള്ള പാസ്റ്റർ ബെന്നി ഞങ്ങളെ തന്റെ ഭവനത്തിൽ പ്രാർത്ഥനക്കിരിക്കുവാൻ ക്ഷണിച്ചു. ആ ചെറിയ വീട്ടിൽ വേദപഠനത്തിന് ശേഷം ഞങ്ങൾ 21 ദിവസം പൂർണ്ണമായി ഉപവസിച്ചു. എങ്കിലും കുമ്പനാട്ട് ഉപവാസം ക്രമീകരിക്കുവാൻ കഴിയാഞ്ഞതിന്റെ നൊമ്പരങ്ങൾ പലപ്പോഴും അലട്ടിക്കൊണ്ടിരുന്നു.....! ദൈവം തക്ക സമയത്ത് എല്ലാം ഭംഗിയായി ചെയ്യുന്നവനാണ്. ഐ.പി.സി. ജനറൽ പ്രസിഡന്റിന്റെ ഹൃദയത്തിൽ താൻ തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് ഇപ്രകാരമുള്ള പ്രേരണയുണ്ടായത് ദൈവഹിതമായിരുന്നുവെന്നത് നാല്പത് ദിനപ്രാർത്ഥന കുമ്പനാട്ട് തുടക്കം കുറിച്ച് സമാപിച്ചപ്പോൾ ജനങ്ങൾ ഒന്നടങ്കം അംഗീകരിക്കുവാൻ ഇടയായി... അതേ ഈ പ്രാർത്ഥന തികച്ചും ദൈവഹിതമായിരുന്നു എന്നതിൽ രണ്ടുപക്ഷമില്ല.

അങ്ങനെ എനിക്കും ഈ പ്രാർത്ഥനയിൽ പൂർണ്ണമായും 40 ദിന രാത്രങ്ങൾ ഉപവാസത്തോടെ കർതൃദാസന്മാരോടൊരുമിച്ച് ദൈവീക പാദപീഠത്തിൽ ഇരിക്കുവാൻ ദൈവം അവസരം നൽകിയതിന് എല്ലാ മഹത്വവും കർത്താവിന് അർപ്പിക്കുന്നു.

ഐ.പി.സി.ഹെബ്രോൻപുരം പലതിനും സാക്ഷ്യം വഹിച്ചിട്ടുണ്ട്. പിതാക്കന്മാരുടെ കാലം മുതൽ ഉണർവ്വിന്റെ ജ്വാല കുമ്പനാട്ട് തെളിഞ്ഞിട്ടുമുണ്ട്. എന്നാൽ ഈ തലമുറക്ക് മറക്കുവാൻ കഴിയാത്ത നല്ല അനുഭവങ്ങൾ പകർന്ന, പെന്തെക്കോസ്തിന്റെ ആത്മീക ചരിത്രത്തിലെ ശ്രദ്ധിക്കപ്പെടുന്ന ദിനങ്ങളായിരുന്നു ദൈവത്താൽ ക്രമീകരിക്കപ്പെട്ട 40 ദിനങ്ങൾ.

ഞാൻ ഭാഗികമായി 40 ദിവസം ഉപവാസമിരിക്കുവാനാണ് കുമ്പനാട്ടേക്ക് പോയത്. എന്നാൽ ഉപവാസ പ്രാർത്ഥനയുടെ പ്രാരംഭ ദിനം തന്നെ ദൈവാത്മാവ് എന്നോട് സംസാരിച്ച വചനം ഇതാണ്. അബ്രഹാം തന്റെ ഏകജാതനായ യിസഹാക്കിനെ യാഗം കഴിക്കുവാൻ ദൈവകരങ്ങളിൽ സമർപ്പിതനായിരുന്നു. വിലപ്പെട്ടതിനെ ദൈവം ചോദിച്ചാൽ കൊടുക്കുവാൻ മനസ്സുണ്ടോ? 40 ദിവസത്തെ ഭൗമിക തിരക്കുകൾ മാറ്റിവച്ച് ദൈവീക സന്നിധിയിൽ വേറിട്ടിരിക്കുവാൻ ഇപ്പോൾ നിനക്ക് കഴിയുമോ? ഭൗമിക ആഹാരം എപ്പോഴും കഴിക്കുവാൻ കഴിയും. എന്നാൽ ദൈവത്താൽ ഇപ്രകാരം ക്രമീകരിക്കപ്പെട്ട ദിനങ്ങൾ വിലപ്പെട്ടതാണ്. ഈ ഗോൾഡൻ പീരിയഡ് നഷ്ടമാക്കാതിരിക്കുവാൻ ദൈവം പ്രേരണ നൽകി. ആ സമയം എന്റെ ഭാഗിക തീരുമാനത്തെ പിഴുതെറിഞ്ഞു. അങ്ങനെ പാസ്റ്റർ ജേക്കബ് ജോണിനോടും തന്നോടൊപ്പം ഉപവസിക്കുന്ന ദൈവജനത്തോടുമൊരുമിച്ച് ദൈവസന്നിധിയിൽ ഇരിക്കുവാൻ തീരുമാനിച്ചു. അത് മറക്കുവാൻ കഴിയാത്ത അനുഭവമാക്കി ദൈവം മാറ്റി.

എല്ലാ സെഷനുകളിലും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വലിയ സാന്നിധ്യം അനുഭവിക്കുവാൻ കഴിഞ്ഞു. ഉപവാസ പ്രാർത്ഥനക്ക് നേതൃത്വം ഒരു ടൈംടേബിൾ തയ്യാറാക്കിയിരുന്നെങ്കിലും മിക്ക മീറ്റിംഗുകളിലും ആ ടൈംടേബിൾ തിരുത്തേണ്ടതായി വന്നു. ദീർഘനാളുകളായി ഒരു കൂട്ടം ദൈവജനം വളരെ പ്രതീക്ഷയോടെ കാത്തിരുന്ന ദിനങ്ങളെ പ്രായവ്യത്യാസം കൂടാതെ ആവേശപൂർവ്വം സ്വീകരിച്ചതിന്റെ തെളിവായിരുന്നു പ്രാർത്ഥനയുടെ പ്രാരംഭ ദിനം മുതൽ എനിക്ക് ദർശിക്കുവാൻ കഴിഞ്ഞത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ കാണുവാനും, അനുഭവിക്കുവാനും, ജനങ്ങൾ സഭാവിഭാഗ വ്യത്യാസം കൂടാതെ പ്രാർത്ഥനയിൽ പങ്കെടുത്തതും വ്യത്യസ്തതയുളവാക്കി.

പ്രാർത്ഥനയുടെ 19-ാം ദിനം ഉച്ച കഴിഞ്ഞുള്ള സെഷൻ മുതൽ യുവജനങ്ങൾക്കും, കുട്ടികൾക്കും പ്രത്യേക സെക്ഷൻ ക്രമീകരിക്കപ്പെട്ടു. ആ ദിവസം മുതൽ യുവതീ-യുവാക്കൾ, കുഞ്ഞുങ്ങൾ വളരെ ശക്തമായി നിറകണ്ണുകളോടെ ആത്മാവിൽ നിറയപ്പെടുന്നതിനും, അന്യഭാഷ അടയാളത്തോടു കൂടി അഭിഷേകം പ്രാപിക്കുന്നതിനും ഇടയായി.

പിന്നീടുള്ള എല്ലാ ദിനങ്ങളിലും ഉപവാസ പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ പെന്തെക്കോസ്തിന്റെ പുതിയ തലമുറകളുടെ ഒഴുക്കായിരുന്നു കുമ്പനാട്ടേക്ക്.

വചനശുശ്രൂഷകൾ മിക്കതും ദൈവജനത്തോടുള്ള ശക്തമായ ദൂതായിരുന്നുവെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. അത് അനുഗ്രഹവുമായിരുന്നു. എന്നാൽ ചിലരുടെ പ്രസംഗങ്ങൾ പുകഴ്ച വാക്കുകളായോ, ഉപവാസ പ്രാർത്ഥനയുടെ അന്തരീക്ഷത്തിന് വിരുദ്ധമായിപ്പോയെന്നും തോന്നിപ്പോകാതിരുന്നില്ല താനും.

വടക്കേ ഇന്ത്യയിൽ നിന്ന് കിലോമീറ്ററുകൾ യാത്ര ചെയ്ത് വന്ന് ഹെബ്രോൻപുരത്ത് പൂർണ്ണമായി ഉപവസിച്ചവരുടെ സാന്നിധ്യം പ്രാർത്ഥനയെ വേറിട്ടനുഭവമാക്കി. ഭാരതത്തിന്റെ ഉണർവ്വിനായി പ്രാർത്ഥിക്കുവാനും അവർ ഒരു മനസ്സോടെ എത്തിയത് കേരളത്തിലെ ദൈവജനത്തിനൊരു മാതൃകയായി. ഇതിൽ ആദ്യമായി കേരളത്തിൽ വന്നവരുമുണ്ടായിരുന്നു. ഹെബ്രോൻ മൈതാനിയിൽ അവർ മതിമറന്ന് ദൈവത്തെ നൃത്തം ചെയ്ത് ആരാധിച്ചു. ഉപവാസത്തിന്റെ സമാപന ദിനങ്ങളിൽ അവരുടെ സാക്ഷ്യങ്ങൾ ഇപ്രകാരമായിരുന്നു. 'ഞങ്ങൾക്ക് ഈ സ്ഥലം വിട്ടുപോകുവാൻ തോന്നുന്നില്ല. ഇവിടുത്തെ ദൈവസാന്നിധ്യവും, ദൈവജനത്തിന്റെ കരുതലും ഞങ്ങളെ ആത്മീയ ജീവിതത്തിൽ സന്തുഷ്ടരാക്കി' എന്ന് അവരൊന്നടങ്കം പറയുന്നത് ശ്രവിക്കുവാൻ കഴിഞ്ഞു.

അടൂരിൽ നിന്ന് മുഹമ്മദ് നാസർ എന്ന ദൈവദാസൻ തന്റെ രണ്ടു കാലുകളും ഒട്ടും സ്വാധീനമില്ലാഞ്ഞിട്ടും 40 ദിനങ്ങൾ ഈ ഉപവാസപ്രാർത്ഥനയിൽ പങ്കെടുത്തതും ഉപവസിച്ചതും ആരോഗ്യമുള്ള പലർക്കും മാതൃകയായി. പന്തലിനുള്ളിലെ ദൈവസാന്നിധ്യം ജനത്തിന് വ്യക്തമായി തിരിച്ചറിയുവാൻ കഴിഞ്ഞു. പന്തലിനുള്ളിൽ അലക്ഷ്യമായി ഇരിക്കുകയോ, സംസാരിക്കുകയോ, അലഞ്ഞു തിരിഞ്ഞു നടക്കുകയോ, മൊബൈൽ ഫോൺ ഉപയോഗിക്കുകയോ ചെയ്യാതെ ഏവരും ദൈവഭയത്തോടെ ദൈവശബ്ദം കേൾക്കുന്നതിനുള്ള അതിയായ ഹൃദയസമർപ്പണത്തിലായിരുന്നു.

വോളന്റിയേഴ്സ് ഈ യോഗങ്ങൾക്ക് ഇല്ലായിരുന്നവെന്നാണ് മറ്റൊരു പ്രത്യേകത. ആരെയും നിയന്ത്രിക്കുവാൻ വോളന്റിയേഴ്സ് ഇല്ലാഞ്ഞിട്ടുപോലും അച്ചടക്കം പ്രാർത്ഥനയുടെ നിലവാരം ഉയർത്തി.

50 ലക്ഷത്തിന് മുകളിൽ ചിലവഴിച്ചു നടത്തുന്ന കുമ്പനാട് കൺവൻഷനിൽ കാണാത്തതും, അനുഭവിക്കാത്തതും, കേൾക്കാത്തതും ഈ പ്രാർത്ഥനയിൽ അനുഭവിച്ചറിഞ്ഞു. നേതൃത്വത്തിലുള്ളവർ ആത്മനിറവിൽ നൃത്തം ചെയ്ത് ആരാധിക്കുന്നത് പ്രാർത്ഥനയിൽ പങ്കെടുക്കുന്നവർക്ക് പ്രചോദനത്തിന് കാരണമായി. യോഗം കഴിഞ്ഞും മണിക്കൂറുകൾ ദൈവജനം പന്തലിൽ നിന്ന് പിരിഞ്ഞുപോകാതെ ആരാധിക്കുന്നത് മിക്കപ്പോഴും ദൃശ്യമായിരുന്നു. കർതൃദാസന്മാർക്ക് തിരക്കുകളുടെ നിമിഷമായിരുന്നു. കാറിൽ പോകുന്നവർ, ബൈക്കിൽ വരുന്നവർ, അവർ യാത്രക്കിടയിൽ വാഹനം നിർത്തി തലയിൽ കൈവച്ച് പ്രാർത്ഥിക്കുവാൻ ദൈവദാസന്മാരോട് ആവശ്യപ്പെടുന്നത് കാണുവാനിടയായി. അഗ്നിജ്വാലയുടെ തീപ്പൊരികൾ 40 ദിവസം ഹെബ്രോൻപുരത്ത് നിറഞ്ഞു നില്ക്കുന്നത് പങ്കെടുക്കുന്നവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു.

എന്നെ ചിന്തിപ്പിച്ചതും, പഠിപ്പിച്ചതുമായ ചില കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ.

62 വയസുള്ള ഐ.പി.സി.പ്രസിഡന്റ് ഈ 40 ദിനങ്ങളും തന്റെ ഓഫീസിൽ തറയിൽ പായ് വിരിച്ച് കിടന്നതും പൂർണ്ണമായി ഉപവസിച്ചതും പ്രാർത്ഥനയുടെ ഒരു സെഷനിൽപ്പോലും മുടങ്ങാതെ പങ്കെടുത്തതുമാണ് മറ്റൊരു പ്രത്യേകത. ഇത് നമുക്കൊരു മാതൃകയാണ്... പലർക്കും കഴിയാത്തതും മടിയുള്ളതും തന്റെ അനുഭവത്തിലൂടെ കാണുവാൻ കഴിഞ്ഞു. ശക്തമായ പനി വന്നപ്പോഴും, കാലിൽ നീരു വന്നപ്പോഴും, പ്രാർത്ഥനയിലൂടെ സൗഖ്യം താൻ പ്രാപിച്ചു. അതിന് ദൈവജനങ്ങൾ സാക്ഷിയാണ്. അദ്ദേഹത്തോടൊപ്പം ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോണും എല്ലാ ദിവസങ്ങളും യോഗങ്ങളിൽ പങ്കെടുത്ത് നേതൃത്വം നൽകിയതും ഉപവാസ പ്രാർത്ഥനയുടെ വിജയത്തിന് നിർണ്ണായകമായി.

ക്യാൻസർ രോഗികൾ, മറ്റു പകർച്ച വ്യാധികളാൽ വ്യാകുലപ്പെട്ടവർ, ഭൂതബാധിതർ, മറ്റു രോഗാവസ്ഥയിൽ കഴിഞ്ഞവർ ഏവർക്കും 40 ദിനം വിടുതലിന്റെ ദിനങ്ങളായിരുന്നു. പ്രാർത്ഥനയുടെ ശക്തി എന്താണെന്ന് ബഹുമാന്യനായ പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ കാലത്തേപ്പോലെ ഈ തലമുറയും തിരിച്ചറിഞ്ഞ ദിനങ്ങളായിരുന്നു. എന്റെ പിതാവിന്റെ വല്യപ്പച്ചൻ പത്തിച്ചിറ യോഹന്നാച്ചൻ എന്ന കർതൃദാസൻ ഇതു പോലുള്ള യോഗങ്ങൾക്ക് ശക്തമായ നേതൃത്വം കൊടുത്തിട്ടുണ്ടെന്നും ജനങ്ങൾ അത്ഭുത സൗഖ്യം പ്രാപിച്ചിട്ടുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ട്. ഈ ഉപവാസ പ്രാർത്ഥനയിലും വചനം ശുശ്രൂഷിച്ച മിക്ക കർതൃദാസന്മാരും ഈ അനുഭവങ്ങൾ വിവരിച്ചിട്ടുമുണ്ട്. എന്നാൽ അന്നത്തേപ്പോലുള്ള അത്ഭുതങ്ങൾ ദൈവത്തിന് ഇന്നും ചെയ്യുവാൻ കഴിയുകയില്ലയോ? തീർച്ചയായും. ഇതെഴുതുമ്പോൾ ഒരു അനുഭവം കൂടെ പങ്കുവയ്ക്കുന്നു. ഞാൻ കഴിഞ്ഞ 5 വർഷമായി ശുശ്രൂഷിക്കുന്ന സഭയിലെ ഒരാൾക്ക് ബ്ലഡ് ക്യാൻസർ പിടിപെട്ടു. ഈ ഉപവാസ പ്രാർത്ഥന ശക്തമായി പ്രാർത്ഥിച്ചു. ദൈവം ആ വ്യക്തിക്ക് അത്ഭുത സൗഖ്യം കൊടുത്തത് കാണുവാൻ എനിക്ക് കഴിഞ്ഞുവെന്ന് മാത്രമല്ല, ദൈവത്തോടുള്ള വിശ്വാസത്തിന്റെ ശക്തി വർദ്ധിക്കുന്നതിനും കാരണമായി.

പൂർണ്ണമായും ഭാഗികമായും ഉപവാസത്തോടിരുന്ന ഒരു കൂട്ടം യുവജനങ്ങളും കർതൃദാസന്മാരുമാണ് ആത്മനിറവുള്ള ഗാനശുശ്രൂഷക്ക് നേതൃത്വം നൽകിയത്. പ്രത്യേക പരിശീലനമോ, ക്വയർ രൂപീകരണമോ ഒന്നും കൂടാതെ ദൈവാത്മാവ് ഗാനശുശ്രൂഷയെ നിയന്ത്രിച്ചതും യോഗങ്ങളുടെ അനുഗ്രഹത്തിന് കാരണമായി. കേരളത്തിലെ അറിയപ്പെടുന്ന ഗായകരും അവരുടെ ടീമും ഈ യോഗങ്ങളിൽ വന്ന് തികച്ചും സൗജന്യമായി ഗാനങ്ങളാലപിച്ചതും പ്രത്യേകതയാണ്.

പരിശുദ്ധാത്മാവ് സഭയ്ക്കുള്ളിൽ പ്രവർത്തിച്ചു തുടങ്ങിയപ്പോൾ സഭയുടെ ഭൗതിക ആവശ്യങ്ങൾക്കും മാറ്റം വന്നു തുടങ്ങി. പലരും സ്വമനസ്സാലെ കുഞ്ഞുങ്ങളുൾപ്പെടെ സഭക്ക് വേണ്ടി വലിയ തുകയുടെ ചെക്കുകളും, ചെറിയ തുകകളും, കൃഷി സാധനങ്ങളും, നെയ്യും, വാച്ച്, കാറുകൾ, ബൈക്ക് ഇങ്ങനെയുള്ളവയെല്ലാം ഹെബ്രോൻപുരത്തും സ്റ്റേജിലും നിറ

(ശേഷം 6-ാം പേജിൽ)


MANASA COLLEGE OF NURSING
(Approved by INC & KNC and Affiliated to RGUHS Banglore)
Hosur Main Road, Malur, Bangalore
B.Sc. (N) | Gen. (N)
P.C. B.Sc.(N) | M.Sc.(N)
Own Hospital & examination Centre
Walkable distance from railway station &
Bus station. 30 minutes drive from Airport
Fees in installments, Eminent faculty
കേരളത്തിലെ ഏക ഇൻഫർമേഷൻ സെന്റർ
SAY എഴുതിയവർക്കും അപേക്ഷിക്കാം
College Information Centre
1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002
Call @ 9947963438
9847170530

# പിതാവിന്റെ പാതയിൽ അനുഭവത്തിന്റെ കരുത്തോടെ പാസ്റ്റർ ഷാജി ദാനിയേൽ



## അമേരിക്കൻ താൾ

അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സഭകളിൽ ഒന്നിന്റെ സീനിയർ പാസ്റ്റർ, അനുഗ്രഹീതനായ വേദാദ്ധ്യാപകൻ, ടെലിവിഷൻ പ്രഭാഷകൻ, മികച്ച സഭാ ശുശ്രൂഷകൻ എന്നീ നിലകളിൽ ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുന്ന റവ.ഷാജി ദാനിയേലുമായി ഹാലേലൂയ്യാ നടത്തിയ അഭിമുഖം.

ഐ.പി.സി.യിലെ ആദ്യകാല ശുശ്രൂഷകരിൽ ഒരാളും കൊട്ടാരക്കര സെന്റർ ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ കെ.സി.ദാനിയേലിന്റെയും-ഏലിയാമ്മയുടെയും ആറു മക്കളിൽ അഞ്ചാമനായാണ് ഷാജി ദാനിയേലിന്റെ ജനനം. മണക്കാല സെമിനാരിയിൽ നിന്ന് ബി.റ്റി.എച്ച്, യു.റ്റി.സി. ബാംഗ്ലൂരിൽ നിന്ന് ബി.ഡി., യൂണിയൻ ബിബ്ലിക്കൽ സെമിനാരിയിൽ നിന്ന് എം.ടി.എച്ച്, യൂണിവേഴ്സിറ്റി ഓഫ് ഹ്യൂസ്റ്റണിൽ നിന്ന് പ്രൊഫഷണൽ കൗൺസിലിംഗിൽ എം.എഡ്. ടെക്സാസ് സ്റ്റേറ്റ് ബോർഡിന്റെ ലൈസൻസ്ഡ് പ്രഫഷണൽ കൗൺസിലറാണ് കൂടാതെ അമേരിക്കൻ കൗൺസിലേഴ്സ് അസോസിയേഷണലിലെ അംഗവും ഐ.പി.സി. ഹൂസറ്റൺ ഫെലോഷിപ്പിന്റെ പ്രസിഡന്റുമാണ്. ഏഴു വർഷം ഡെറാഡൂണിലെ ന്യൂ തിയോളജിക്കൽ കോളജിൽ അധ്യാപകൻ, കൊട്ടാരക്കരയിൽ നിലേശ്വരം, കൊല്ലത്ത് കുരീപ്പുഴ സഭകളിൽ ശുശ്രൂഷകൻ, പിന്നെ കുവൈറ്റ് ഐ.പി.സി.സഭയുടെ പാസ്റ്റർ, 2006-ൽ അമേരിക്കയിലെത്തി ഹൂസ്റ്റണിൽ ആദ്യം ഇമ്മാനുവേൽ ഐ.പി.സി.സഭയിലും ഇപ്പോൾ ഹെബ്രോൻ ഐ.പി.സിയിലും ഇടയശുശ്രൂഷ. ഇത്രയുമാണ് റവ.ഷാജി ഡാനിയേലിനെക്കുറിച്ച് ചുരുക്കിപ്പറയാവുന്ന പ്രൊഫൈൽ. ഭാര്യ: മേഴ്സി, ലോകത്തിലെ ഏറ്റവും വലിയ ക്യാൻസർ ഹോസ്പിറ്റലായ എം.ഡി. ആന്റേഴ്സൺ ക്യാൻസർ സെന്ററിലെ അഡ്വാൻസ്ഡ് നേഴ്സ് പ്രക്റ്റീഷണറുമാണ്, രണ്ടു മക്കൾ ലെസ്ളി, ലിഡിയ.



*റവ.ഷാജി ഡാനിയേലും കുടുംബവും*

*? ഒരു പാസ്റ്ററുടെ മകനായിട്ടും ബാല്യത്തിൽ തന്നേ സുവിശേഷ വേല തിരഞ്ഞെടുത്തത്?*

പാസ്റ്റർമാരുടെ മക്കൾ സുവിശേഷ വേലയോട് വിമുഖത കാണിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ എന്റെ കാര്യത്തിൽ മാതാപിതാക്കളുടെ സമർപ്പണവും വിശ്വസ്തതയോടെയും സത്യസന്ധവുമായുള്ള ശുശ്രൂഷ എന്നിവ എന്നെ സ്വാധീനിച്ചു. കഷ്ടതകളുടെ നടുവിലും ആഴമായ ദൈവാശ്രയം മാതാപിതാക്കളിലൂടെ ഞാൻ ആർജ്ജിച്ച ഏറ്റവും വലിയ പാഠമാണ്. ഞങ്ങൾ ആറുമക്കളിൽ മൂന്നു പേരും പൂർണ്ണസമയ മിനിസ്ട്രിയിലാണെന്ന് ഇതോട് ചേർത്ത് പറയട്ടെ.

വ്യക്തിപരമായി പറഞ്ഞാൽ ഒരു ഐ.സി.പി.എഫ്.മീറ്റിംഗിൽ ഡി. ജോഷ്വാ സാറിന്റെ മിഷൻ ചലഞ്ചാണ് എന്നെ സമർപ്പണത്തിലേക്ക് നയിച്ചത്. പി.വൈ.പി.എയിലൂടെ സുവിശേഷീകരണത്തിൽ ബാല്യം മുതൽ സജീവ പങ്കാളിയായത് സുവിശേഷ വേലയിൽ ഇന്നും എന്നെ ശക്തീകരിക്കുന്ന അടിത്തറ നൽകി.

*? ഇന്ന് നാട്ടിലെ പി.വൈ.പി.എ. ഇങ്ങനെ ചെറുപ്പക്കാരെ സ്വാധീനിക്കുന്നുണ്ടോ?*

സത്യത്തിൽ എനിക്കതറിയില്ല. പി.വൈ.പി.എ.മഹത്തായ ഒരു പ്രസ്ഥാനമാണ്. അതിനെ വെറും രാഷ്ട്രീയ കളികൾക്കുള്ള അഭ്യാസകളരിയാക്കാതെ യുവജനങ്ങൾക്ക് സുവിശേഷ പ്രവർത്തനത്തിന് പ്രചോദനം നൽകുന്ന മുന്നേറ്റമാക്കി മാറ്റണം. ദർശനമുള്ള നേതൃത്വം ഉണ്ടായെങ്കിലേ ആ നിലയിലുള്ള മുന്നേറ്റം സാധ്യമാകുകയുള്ളു.

*? താങ്കൾ ശുശ്രൂഷിച്ച സഭകൾ ശക്തമായി വളർന്നിട്ടുണ്ട്- എന്താണീ വിജയത്തിന്റെ കാരണം?*

ദൈവകൃപയെന്നല്ലാതെ എന്തു പറയാൻ? ദൈവം എന്നെ ഏല്പിച്ചത് ഞാൻ വിശ്വസ്തതയോടെ ചെയ്യുന്നു. പിന്നെ മിനിസ്ട്രിയിൽ ടീച്ചിംഗ് ഒരു ഗിഫ്റ്റായി എനിക്ക് ലഭിച്ചിട്ടുണ്ട്. കുരീപ്പുഴ സഭയിൽ പാസ്റ്ററായിരിക്കെ പത്തനാപുരത്തിന് സമീപം പനംപറ്റയിൽ ഒരു പാരലൽ കോളജിൽ ഞാൻ പഠിപ്പിക്കുന്നുണ്ടായിരുന്നു. പാസ്റ്ററൽ മിനിസ്ട്രിയിൽ ടീച്ചിംഗ് ഗിഫ്റ്റ് ഞാൻ പ്രയോജനപ്പെടുത്തുന്നു എന്നുള്ളതാണ് എനിക്ക് എന്നേക്കുറിച്ചുള്ള നിരീക്ഷണം. പിന്നെ സഭ വളരണമെങ്കിൽ ശക്തമായ സുവിശേഷ പ്രവർത്തനങ്ങൾ തുടർമാനമായി നടത്തണം. കുവൈറ്റിലും ഹ്യൂസ്റ്റണിലും സഭ വളർന്നത് സുവിശേഷീകരണത്തിൽ ശ്രദ്ധിച്ചതിനാലാണ്. ഇതെല്ലാം പരസ്പരം പൂരകങ്ങളാണ്.

*? താങ്കളുടെ പിതാവ് കൊട്ടാരക്കര സെന്റർ പാസ്റ്ററായിരിക്കെയാണ് നിര്യാതനായത്. താങ്കൾക്ക് വേണമെങ്കിൽ ആ സെന്ററിന്റെ ശുശ്രൂഷ ഏറ്റെടുക്കാമായിരുന്നു. അമേരിക്കയിൽ താമസിക്കുന്ന പല ദൈവദാസന്മാരും അങ്ങനെ നാട്ടിലെ സെന്റർ ശുശ്രൂഷ ഹോൾഡ് ചെയ്യുന്നുണ്ടല്ലോ. എന്തുകൊണ്ടാണ് അതിന് ശ്രമിക്കാഞ്ഞത്?*

വേണമെങ്കിൽ എനിക്ക് അപ്രകാരമുള്ള ഒരു ശ്രമം നടത്താമായിരുന്നു. അത് തെറ്റാണെന്ന് കരുതുന്നുമില്ല. എന്നാൽ ഏത് പ്രവർത്തനം ഏറ്റെടുത്താലും അതിൽ പൂർണ്ണമായും കമ്മിറ്റ്മെന്റോടെ പ്രവർത്തിക്കണമെന്നാണ് എന്റെ പോളിസി. ഇവിടെ നിന്നു കൊണ്ട് നാട്ടിലെ സെന്ററിനെ ഭരിക്കുന്നത് എത്രത്തോളം പ്രായോഗിമാണെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. പിന്നെ നാട്ടിൽ അധികാരത്തിന് വേണ്ടി ശക്തമായ മത്സരമുണ്ട്. അത്തരമൊരു മത്സരത്തിൽ എനിക്ക് താല്പര്യമില്ല. മറ്റൊരു പ്രധാനകാര്യം എന്നേക്കാൾ പരിചയ സമ്പന്നരും ആ ഡിസ്ട്രിക്ടിൽ ദീർഘകാലമായി താമസിച്ച് ശുശ്രൂഷിക്കുന്നവരും ഉള്ളപ്പോൾ അവർക്ക് ലഭിക്കേണ്ടുന്ന ഒരവസരം ഞാനായി തട്ടിയെടുക്കാതിരിക്കുന്നതാണ് യുക്തമെന്നെനിക്ക് തോന്നി.

*? പിതാവിനെക്കുറിച്ച്?*

എന്റെ പിതാവ് അരനൂറ്റാണ്ടിലധികം കർതൃശുശ്രൂഷ ചെയ്തു. വ്യക്തിപരമായി പിതാവിന്റെ മരണം എന്നിൽ സൃഷ്ടിച്ച ശൂന്യതയുടെ ആഴം ഇപ്പോഴെനിക്ക് ബോദ്ധ്യമുണ്ട്. ഒരു പിതാവ് എന്നതിലപ്പുറം ശുശ്രൂഷയിൽ എനിക്ക് മാതൃകയും വഴികാട്ടിയും ഗുരുവുമായിരുന്നു അദ്ദേഹം. ശുശ്രൂഷാ രംഗത്ത് ചില തീരുമാനങ്ങളെടുക്കേണ്ടുന്ന ഘട്ടങ്ങളിൽ ഉപദേശം തേടുവാൻ എനിക്കൊരു അത്താണിയായിരുന്നു അദ്ദേഹം. ഏതു വലിയ പ്രശ്നത്തെയും ക്ഷോഭിക്കാതെ സൗമ്യമായി നേരിടുന്ന അദ്ദേഹത്തിന്റെ സഭാ പരിപാലന രീതി എന്നെ നന്നായി സ്വാധീനിച്ചിട്ടുണ്ട്.

*? കൈരളി ടി.വിയിൽ താങ്കളുടെ പ്രഭാഷണം ശ്രദ്ധിക്കപ്പെടുന്ന ടി.വി. പ്രോഗ്രാമായിരുന്നല്ലോ.*

രണ്ട് സീരീസ് പ്രഭാഷണങ്ങളാണ് ടെലികാസ്റ്റ് ചെയ്തത്. ഗിരിപ്രഭാഷണത്തെ അടിസ്ഥാനമാക്കിയുള്ള ക്രിസ്തീയ സാമൂഹ്യ ധാർമ്മികത എന്ന വിഷയവും, കുടുംബ ജീവിതം ദൈവീക പ്ലാനിൽ എന്നതുമായിരുന്നു വിഷയങ്ങൾ. രണ്ടും നല്ല റെസ്പോൺസാണ് നൽകിയത്. ടെലിവിഷൻ മിനിസ്ട്രി ഈ കാലഘട്ടത്തിൽ ഏറ്റവും എഫക്ടീവായ മാധ്യമമാണ്. സൂക്ഷ്മമായി ഉപയോഗിക്കണമെന്ന് മാത്രം. ഏകദേശം രണ്ടു വർഷം ടെലികാസ്റ്റ് ചെയ്ത ഈ പ്രോഗ്രാം ഇപ്പോൾ ഹാർവെസ്റ്റ് ടി.വിയിൽ പുനഃപ്രക്ഷേപണം ചെയ്യുന്നുണ്ട്.

*? വിജയിച്ച ഒരു യുവപാസ്റ്റർ എന്ന നിലയിൽ സുവിശേഷവേലക്കിറങ്ങുന്ന ചെറുപ്പക്കാരോടും യുവശുശ്രൂഷകന്മാരോടും എന്താണ് പറയാനുള്ളത്?*

കഷ്ടതയും ബുദ്ധിമുട്ടും ഒക്കെ ഉണ്ടായിരുന്നെങ്കിലും ഇത്രയും പഠിക്കുവാൻ ദൈവം അവസരം തന്നത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഇടയശുശ്രൂഷ ആഗ്രഹിക്കുന്ന ചെറുപ്പക്കാരോട് എന്റെ ഉപദേശം സെക്കുലാറായോ ബിബ്ലിക്കലായോ പഠിക്കാവുന്നത്രയും പഠിക്കുക. ദൈവമാണ് ശുശ്രൂഷ ഭരമേല്പ്പിക്കുന്നത്. ശുശ്രൂഷയിൽ അല്പം പോലും ഉഴപ്പ് കാണിക്കാതെ 100% വിശ്വസ്തത പാലിക്കുക. ദൈവം നിങ്ങളെ മാനിക്കും.

*? ഇന്ത്യയിൽ എന്തെങ്കിലും മിനിസ്ട്രി ചെയ്യുന്നുണ്ടോ?*

ദൈവം എനിക്ക് തന്ന നന്മകൾ ഇന്ത്യയിലെ ചിലർക്കെങ്കിലും പ്രയോജനമാകണമെന്ന് ആഗ്രഹിച്ചു കൊണ്ട് മലബാറിൽ വടക്കുംചേരി എന്ന സ്ഥലത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. 2008-ൽ ആരംഭിച്ച ഈ സ്കൂൾ വളർച്ചയുടെ പാതയിലാണ്. സി.ബി.എസ്.ഇ.സിലബസിൽ 280 -ലധികം കുട്ടികൾ പഠനം നടത്തുന്നു. അതിൽ 65% വും മുസ്ലീം കുട്ടികളാണെന്നത് എടുത്തു പറയട്ടെ. ആലത്തൂർ സെന്റർ ശുശ്രൂഷകനും എന്റെ ജ്യേഷ്ഠസഹോദരനുമായ പാസ്റ്റർ സാം ദാനിയേലാണ് ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. ഐ.പി.സി.ആലത്തൂർ സെന്ററിന്റെ സുവിശേഷ പ്രവർത്തനങ്ങളിൽ ഞാനും സഹകരിച്ച് പ്രവർത്തിക്കുന്നു.

## കുമ്പനാടും 40 ദിന അനുഭവക്കുറിപ്പുകളും

5-ാം പേജ് തുടർച്ച

യുവാൻ തുടങ്ങി....

ഒരു ചെറുബാലകൻ തനിക്ക് ചെറുസൈക്കിൾ വാങ്ങുവാൻ വഞ്ചിയിൽ സ്വരൂപിച്ച 185 രൂപ മുഴുവനായി സഭയുടെ പണിയുടെ ആവശ്യത്തിനായി സ്റ്റേജിൽകൊണ്ടു വന്ന് ചുമതലപ്പെട്ടവരെ ഏല്പിച്ചത് എല്ലാവരുടെയും കണ്ണുകൾ നിറയിപ്പിച്ചു. അന്നു വൈകിട്ടു തന്നെ ആ ബാലന്റെ ആഗ്രഹം കർത്താവ് നിറവേറ്റി. ഡോ.ജോൺ സാമുവേൽ തനിക്കൊരു സൈക്കിൾ വാങ്ങുവാനുള്ള തുക നൽകി.... ഇങ്ങനെയുള്ള പല അനുഭവങ്ങൾ എനിക്ക് ഈ പ്രാർത്ഥനയിൽ കാണുവാൻ കഴിഞ്ഞു.

ഐ.പി.സി.സീനിയർ ജനറൽ മിനിസ്റ്റർ ബഹുമാന്യനായ പാസ്റ്റർ ടി. എസ്.ഏബ്രഹാം തന്റെ ശാരീരിക ബുദ്ധിമുട്ടുകൾക്കിടയിലും മിക്കപ്പോഴും ഈ പ്രാർത്ഥനയിൽ വന്ന് പങ്കെടുത്തത് ദൈവജനത്തിന് പ്രചോദനത്തിനും സന്തോഷത്തിനും കാരണമായി.... സുഖമുള്ളവർ, ആരോഗ്യമുള്ളവർ സമയം ദൈവസന്നിധിയിൽ വേർതിരിക്കാതെയിരിക്കുമ്പോൾ നമ്മുടെ പിതാക്കന്മാർ നമുക്ക് മാതൃകയാണ്. .... സമാപന ദിവസം തുടർച്ചയായി 12 മണിക്കൂർ ദൈവത്തെ ആരാധിക്കുവാൻ കഴിഞ്ഞത് മറക്കുവാൻ കഴിയാത്ത അനുഭവമായി മാറി. എല്ലാ ദിവസവും ഉച്ച കഴിഞ്ഞുള്ള മധ്യസ്ഥപ്രാർത്ഥനയുടെ സെക്ഷൻ പാസ്റ്റർ വർഗീസ് ബേബി പരിശുദ്ധാത്മ നിയോഗത്തോടെ ലീഡ് ചെയ്ത് ദൈവദൂതുകൾ വിളിച്ചു പറഞ്ഞപ്പോൾ യുവതീയുവാക്കൾ പൊട്ടിക്കരച്ചിലോടെ മൈക്കിന് മുമ്പിൽ വന്ന് തെറ്റുകൾ ഏറ്റു പറയുന്നതും കർത്താവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നതും കാണുവാനിടയായി. ഈ ഉണർവ്വാണ് ഐ.പി.സിയുടെ ചരിത്രത്തിൽ വിസ്മരിക്കുവാൻ കഴിയാത്തത്.


ഇത് ചരിത്രത്തിൽ ദൈവാത്മാവ് കുറിച്ച മാഞ്ഞു പോകാത്ത രേഖയാണ്. ഇതിന്റെ ഭാഗമാകുവാൻ സർവ്വശക്തൻ എനിക്കും അവസരം നൽകിയതിൽ സ്തോത്രം.... ഈ പ്രാർത്ഥനയിൽ ഒരു നേരമെങ്കിലും പങ്കെടുക്കുവാൻ കഴിഞ്ഞവർക്ക് ഇത് അനുഗ്രഹമാണ്. വീണ്ടും ഉണർവ്വിന്റെ പ്രകാശധാര കുമ്പനാട്ടു നിന്നും പ്രതീക്ഷിക്കാം. മങ്ങിയ വെളിച്ചം പ്രകാശത്തിന്റെ പൂർണ്ണരൂപത്തിൽ വെളിപ്പെടട്ടെ!

## സഭാശുശ്രൂഷകന്മാരെ ആദരിച്ചു

തിരുവനന്തപുരം: എ.ജി ദക്ഷിണ മേഖലയിൽ 40 വർഷം സേവനം അനുഷ്ഠിച്ച സഭാശുശ്രൂഷകന്മാരെ മെയ് 3 ന് കാട്ടാക്കടയിൽ നടന്ന ദക്ഷിണമേഖലാ യോഗത്തിൽ ആദരിച്ചു. പാസ്റ്റർ.ഡി.ജയരാജ്, പാസ്റ്റർ. ഡി.വിൽഫ്രഡ് സാം, പാസ്റ്റർ.ജെ.സ്റ്റീഫൻ, പാസ്റ്റർ.ജെ.വില്ല്യം, പാസ്റ്റർ.ജെ. എൽ.മോസസ്, പാസ്റ്റർ.എച്ച്.സ്റ്റീഫൻസൺ, പാസ്റ്റർ.ടി.ജെ.രാജൻ എന്നിവരെയാണ് പൊന്നാട അണിയിച്ച് ആദരിച്ചത്. ഇവർക്ക് മൊമന്റോയും നൽകി. ദൈവം നടത്തിയ വിധങ്ങളെ ദൈവദാസന്മാർ നന്ദിയോടെ സ്മരിച്ചത് സദസിന് ആവേശമായി. മേഖലാ ഡയറക്ടർ പാസ്റ്റർ എൻ. ക്രിസ്തുദാസ് നേതൃത്വം നൽകി.

## ഭാരവാഹികൾ

വാളകം: ഐ.പി.സി വാളകം സെന്റർ ഭാരവാഹികളായി പാസ്റ്റർ സണ്ണി കുര്യൻ (സെന്റർ മിനിസ്റ്റർ), പാസ്റ്റർ കെ.സി വർഗീസ് (അസോ.സെന്റർ മിനിസ്റ്റർ), പാസ്റ്റർ കെ.വി പൗലോസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ.പി യോയാക്കി (സെക്രട്ടറി), റ്റി.ഡി ജോർജ് (ജോ.സെക്രട്ടറി), റവ.ജേക്കബ് വർഗീസ് (യുഎസ്എ) (സ്പോൺസർ മിനിസ്റ്റർ), തമ്പി മുടവന്തിയിൽ (ട്രഷറാർ), പാസ്റ്റർ ബിജു റ്റി ബേബി(പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.



## സൺഡേസ്കൂൾ അസോസിയേഷൻ



സണ്ടേസ്കൂൾസ് മേഖലാ സമ്മേളനം പാസ്റ്റർ സാം ജോർജ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ ബിജു പനംതോപ്പ്, ബിനു ചെറിയാൻ, ഷാജൻ ജോൺ, ബ്രദർ ഫിന്നി പി. മാത്യു, ബിജു മോൻ എന്നിവർ സമീപം.

കൊട്ടാരക്കര: ഐ.പി.സി.സൺഡേ സ്കൂൾ അസോസിയേഷൻ കൊട്ടാരക്കര മേഖലാ സമ്മേളനം ഐ.പി.സി. ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് ഉദ്ഘാടനം ചെയ്തു. കൊട്ടാരക്കര കേരള തിയോളജിക്കൽ സെമിനാരിയിൽ ജൂൺ 2ന് നടന്ന അധ്യാപക വിദ്യാർത്ഥി സമ്മേളനത്തിൽ മേഖലാ പ്രസിഡന്റ് പാസ്റ്റർ ബിജു പനംതോപ്പ് അധ്യക്ഷത വഹിച്ചു. ഷാജൻ ജോൺ ഇടയ്ക്കാട് ക്ലാസെടുത്തു. 52 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം പാസ്റ്റർ ബിനു ചെറിയാൻ വിതരണം ചെയ്തു. പാസ്റ്റർമാരായ ജി.തോമസ്കുട്ടി, ജോസ് കെ. ഏബ്രഹാം, വിൽസൺ ശാമുവേൽ, പി.വി.കുട്ടപ്പൻ എന്നിവർ പ്രസംഗിച്ചു. മേഖലാ സെക്രട്ടറി ഫിന്നി പി.മാത്യു, ജോ.സെക്രട്ടറി പാസ്റ്റർ ബിനു മോൻ എന്നിവർ നേതൃത്വം നൽകി.

## ജോൺസൺ ജോർജ്ജ് വിരമിച്ചു



ഹൈദരാബാദ്: ഒ.എം. ബുക്സ് ഡയറക്ടറായി ദീർഘ വർഷം സേവനമനുഷ്ഠിച്ച ജോൺസൺ ജോർജ്ജ് വിരമിച്ചു. മെയ് 31-ന് ഹൈദരബാദിലുള്ള ഒ.എം.ആസ്ഥാനത്തു നടന്ന യാത്ര അയപ്പു സമ്മേളനത്തിൽ പ്രസിഡന്റ് ജോസഫ് ഡിസൂസാ പ്രസംഗിച്ചു. മുപ്പതു വർഷത്തിലധികമായി ക്രൈസ്തവ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന ഇദ്ദേഹം 26-ലധികം വർഷങ്ങൾ ഇന്ത്യയിൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ആൻഡമാൻ നിക്കോബാർ ദ്വീപു സമൂഹങ്ങളിലും ഒ.എമ്മിനോട് ചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിൽ ക്രൈസ്തവ പുസ്തക വിതരണത്തിൽ നിർണ്ണായകമായ സംഭാവനയാണ് ജോൺസൺ ജോർജ്ജ് നൽകിയിട്ടുള്ളത്. 1992-ൽ കേരളത്തിൽ ഒ.എം.ബുക്സിന്റെ പ്രവർത്തനം എറണാകുളം കേന്ദ്രമാക്കി ആരംഭിച്ചത് ഇദ്ദേഹമാണ്.

ഭാര്യ: സിസിലി ജോൺസൺ, മക്കൾ: ജെൻസൻ ജോൺസ്, ജസ്റ്റിൻ ജോൺസ് *Phone: 09849121182, johnsongeorge24@gmail.com*

## ബഥേൽ എ.ജി. വാർഷികാഘോഷം



ബാംഗ്ലൂർ: ബഥേൽ എ.ജി.സീനിയർ പാസ്റ്റേഴ്സ് മിനിസ്ട്രിയുടെ 30-ാം വാർഷികാഘോഷം ജൂൺ 16-ന് നടന്നു. കർണ്ണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ആഭ്യന്തര മന്ത്രി കെ.ജെ.ജോർജ്ജ്, രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ പി.ജെ. കുര്യൻ, എം.പിമാർ, മുൻ മന്ത്രിമാർ, ആന്റോ ആന്റണി എം.പി., പോലീസ് മേധാവികൾ എന്നിവർ പങ്കെടുത്തു.

## ഐ.പി.സി.നോർത്തേൺ റീജിയൻ ജനറൽ കൺവൻഷൻ ഒക്ടോബറിൽ





ന്യൂഡൽഹി: ഒക്ടോബർ 7-13 വരെ ഭോപ്പാലിൽ നടക്കേണ്ടിയിരുന്ന ഐ.പി.സി.നോർത്തേൺ റീജിയൻ വാർഷിക കൺവൻഷനും ശുശ്രൂഷക സമ്മേളനവും ഒക്ടോബർ 21-27 തീയതികളിലേക്ക് മാറ്റി വച്ചു. എല്ലാ വർഷവും ഡൽഹിയിൽ നടന്നു കൊണ്ടിരിക്കുന്ന കൺവൻഷൻ ഇത്തവണ ഭോപ്പാലിലാണ് നടക്കുന്നത്. പാസ്റ്റർ രാജു മേത്ര (വർഗീസ് ഏബ്രഹാം) മുഖ്യ പ്രസംഗകനായിരിക്കും. 21-24 വരെ ശുശ്രൂഷക സമ്മേളനവും, 23-26 വരെ രാത്രി യോഗങ്ങളും, 27-ന് സംയുക്ത ആരാധനയും നടക്കും. സൺഡേസ്കൂൾ, പി.വൈ.പി.എ., സഹോദരീ സമാജം വാർഷിക സമ്മേളനവും, പ്രതിനിധി സമ്മേളനവും നടക്കും. പാസ്റ്റർ പി.എം. ജോൺ കർതൃമേശക്ക് നേതൃത്വം നൽകും. പാസ്റ്റർമാരായ ലാജി പോൾ, സാമുവേൽ ജോൺ, രാജു പി.നായർ, സഹോദരന്മാരായ പി.ജെ.ജേക്കബ്, എം.ജോണിക്കുട്ടി എന്നിവർ നേതൃത്വം നൽകും.

## സി.ഡി.പ്രകാശനം


മല്ലശ്ശേരി: 'യേശു എന്നഭയം' എന്ന സിഡിയുടെ പ്രകാശനം ജൂലൈ 12-ന് മല്ലശ്ശേരി ബി.സി.സി.ഹാളിൽ നടക്കും. പി.കെ.സാം രചിച്ച പതിന്നാല് പാട്ടുകളാണ് ഇതിലുള്ളത്. എം.ജി. ശ്രീകുമാർ, വിജയ് യേശുദാസ്, ശ്വേത, മധു ബാലകൃഷ്ണൻ, പി.ജയചന്ദ്രൻ, കെ.ജി.മർക്കോസ്, റിമി ടോമി, കെസ്റ്റർ, ബിജു നാരായണൻ, ജോത്സന, സുദീപ് കുമാർ, സ്റ്റീഫൻ കെ.സാം എന്നിവരാണ് ഗായകർ.

## പ്രവർത്തനോദ്ഘാടനം

ആലപ്പുഴ: ആലപ്പുഴ വെസ്റ്റ് സെന്റർ പി.വൈ.പി.എ.യുടെ 2013-16 വർഷത്തെ പ്രവത്തനോദ്ഘാടനം ജൂൺ 15-ന് സെന്റർ പി.വൈ.പി.എ. പ്രസിഡന്റ് മാത്യു വർഗീസിന്റെ അദ്ധ്യക്ഷതയിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ജോർജ്ജ് നിർവ്വഹിച്ചു. പാസ്റ്റർ മോനി ചെന്നിത്തല മുഖ്യസന്ദേശം നൽകി. എഡ്യുകെയർ-2013-ന്റെ ഭാഗമായി 35 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായ വിതരണവും, പി.വൈ.പി.എ.യുടെ ബ്രോഷർ പ്രകാശനവും നടന്നു. ബ്രദർ ഷോണി പി.തോമസ്, വെസ്ലി പി.ഏബ്രഹാം, ഇവാ.മനു വർഗീസ്, ഇവാ.ഷിജുമോൻ സി.ജെ., ഫെബിൻ ജെ.മാത്യു എന്നിവർ നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥന

പട്ടാമ്പി: ഐ.പി.സി.പട്ടാമ്പി ഏരിയായുടെ ആഭിമുഖ്യത്തിൽ 21 ദിവസത്തെ ഉപവാസ പ്രാർത്ഥനയും ഉണർവ്വു യോഗങ്ങളും ധോണി ഐ.പി.സി.കർമ്മേൽ ഹാളിൽ ജൂൺ 17 മുതൽ ജൂലൈ 7 വരെ നടക്കും.






## ചുമതലയേറ്റു



**മുംബൈ കാഞ്ചൂർമാർഗ്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കാഞ്ചൂർമാർഗ്ഗ് സഭയുടെ ശുശ്രൂഷകനായി പാസ്റ്റർ കെ.ജെ.ജയിംസ് മെയ് 19-ന് ചുമതലയേറ്റു. 29 വർഷമായി ഐ.പി.സിയിലെ ശുശ്രൂഷകനാണ്. ചെന്നൈയിലും കുവൈറ്റിലും കേരളത്തിലും സഭാ ചാർജ്ജ് വഹിച്ചിട്ടുണ്ട്. 17 വർഷങ്ങൾ കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജിൽ അദ്ധ്യാപകനായും രജിസ്ട്രാറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



**തിരുവല്ല:** ഐ.പി.സി.വെള്ളക്കിണർ സഭാ ശുശ്രൂഷകനായി പാസ്റ്റർ പോൾ ബാബു ചുമതലയേറ്റു. ഐ.പി.സി.കോട്ടയം ഫിലദെൽഫ്യായിൽ അസോഷ്യേറ്റ് പാസ്റ്ററായും, ഐ.പി.സി. മുണ്ടക്കയം ചെളിക്കുഴി എബനേസർ സഭയിലും, ഐ.പി.സി.കൊണ്ടോട്ടി ഹെബ്രോൻ സഭയിലും ശുശ്രൂഷകനായി പ്രവർത്തിച്ചിട്ടുണ്ട്. അനുഗ്രഹീത കൺവൻഷൻ പ്രസംഗകനുമാണ്.

## ഈവനിംഗ് ബൈബിൾ സ്കൂൾ

ചെറുവക്കൽ: ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ നേതൃത്വത്തിൽ നടത്തി വരുന്ന ഈവനിംഗ് ബൈബിൾ സ്കൂളിന്റെ ഒരു യൂണിറ്റ് വാര്യാപുരത്ത് ആരംഭിച്ചു. മെയ് 21-ന് പ്രിൻസിപ്പാൾ ഡോ.പി.എസ്. പ്രിൻസിന്റെ അധ്യക്ഷതയിൽ മുൻ രജിസ്ട്രാർ റവ.അലക്സ് ജോൺ ഉദ്ഘാടനംചെയ്തു. ബൈബിൾ പഠനത്തിൽ താല്പര്യമുള്ള ഏതൊരാൾക്കും സഭാ വിഭാഗ പ്രായ വ്യത്യാസമില്ലാതെ ചേർന്ന് പഠിക്കാം. 9745950234

## വിദ്യാഭ്യാസ സഹായം

ഉപ്പുതറ: പി.വൈ.പി.എ. കേരളാ സ്റ്റേറ്റിന്റെ വിദ്യാഭ്യാസ സഹായ വിതരണം ഇടുക്കി ജില്ലയിൽ ജൂൺ 26-ന് മൂന്നാർ ഐ.പി.സി.സഭാ ഹാളിൽ നടന്നു. ലൈജു ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് വിത്സൻ സാമുവേൽ ഉദ്ഘാടനവും സഹായ വിതരണവും നടത്തി. പാസ്റ്റർ സിനോജ് ജോർജ്ജ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ സുനിൽ വി.ജോൺ, പാസ്റ്റർ ജോബി ജോസഫ്, എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ കെ.വൈ.ജോഷ്വാ നേതൃത്വം നൽകി.

## ബാഗ് കുട വിതരണം



മാനന്തവാടി: പാസ്റ്റർ ഫിലിപ്പ് തോമസ് മെമ്മോറിയൽ ഒറ്റത്തെങ്ങിൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ജൂൺ 3-ന് ബാഗും കുടയും വിതരണം ചെയ്തു. എഞ്ചിനിയറിംഗ് കോളജ് പ്രിൻസിപ്പാൾ ജോയി മുളയ്ക്കലിന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് സിൽവി തോമസ് ഉദ്ഘാടനം ചെയ്തു. കോളജ് എം.ഡി.തോംസൺ ഒറ്റത്തെങ്ങിൽ മുഖ്യാതിഥി ആയിരുന്നു.

## സ്കൂൾ കിറ്റ് വിതരണം

വെള്ളറട: ന്യൂ ഇന്ത്യാ ദൈവസഭ നെയ്യാർ ഡാം സെന്ററിന്റെ ആഭിമുഖ്യത്തിൽ മെയ് 29-ന് കൊറ്റം പള്ളി സഭാ ഹാളിൽ 100 കുട്ടികൾക്ക് സ്കൂൾ കിറ്റ് വിതരണം ചെയ്തു. പാസ്റ്റർ പ്രഹ്ലാദൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ സി.ജെ.രാജൻ, രതീഷ് എന്നിവർ പ്രസംഗിച്ചു. റ്റി.എ. തോമസ് വിതരണം നിർവ്വഹിച്ചു.

## ചിൽഡ്രൻസ് ക്ലബ്ബ് ട്രെയിനിംഗ്

**തിരുവല്ല:** കുട്ടികളുടെ ഇടയിലെ ശുശ്രൂഷകളായ ചിൽഡ്രൻസ് ക്ലബ്ബ്, സണ്ടേസ്കൂൾ, കിഡ്സ് വർഷിപ്പ് എന്നിവക്ക് പരിശീലനം നൽകുന്ന ത്രിദിന പരിശീലന പരിപാടി തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളെ കേന്ദ്രീകരിച്ച് നടക്കും. അന്തർദ്ദേശിയ പരിശീലന വിഭാഗത്തിന്റെ സഹകരണത്തോടെയാണ് പ്രോഗ്രാം നടത്തുന്നത്. കൊല്ലം ചവറ ശ്രേയസ് ക്യാമ്പ് സെന്ററിൽ ജൂലൈ 24-26 വരെയും, കോട്ടയം മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ സെപ്റ്റംബർ 4,5,6 തീയതികളിലും, പാലക്കാട് ഷാലോം ഗ്ലോബൽ സ്കൂളിൽ ഒക്ടോബർ 2,3,4 തീയതികളിലും നടക്കും. കൂടാതെ മുൻ വർഷത്തെ ട്രെയിനിഗുകളുടെ ഫോളോ അപ് പ്രോഗ്രാമുകൾ ആലുവ വൈ.എം.സി.എ യിൽ ഓഗസ്റ്റ് 6 നും, തിരുവനന്തപുരം മണ്ണന്തല യുഹന്നാൻ മാർത്തോമ്മാ സ്റ്റഡി സെന്ററിൽ വച്ച് ഓഗസ്റ്റ് 24 നും നടക്കും.

## സെമിനാറും വിദ്യാഭ്യാസ സഹായവും



**തിരുവനന്തപുരം:** മേഖലാ പി.വൈ.പി.എ.യുടെ ആഭിമുഖ്യത്തിൽ ജൂൺ 15-ന് ആറാമട ഐ.പി.സി.സഭാ ഹാളിൽ യൂത്ത് എൻലൈറ്റെനിംഗ് സെമിനാറും വിദ്യാഭ്യാസ സെമിനാറും നടന്നു. പാസ്റ്റർ എം.എബനേസർ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സിനോജ് ജോർജ്ജ് അധ്യക്ഷനായിരുന്നു. പാസ്റ്റർ വി.പി.ഫിലിപ്പ് ക്ലാസെടുത്തു. വിദ്യാഭ്യാസ സഹായ വിതരണം പാസ്റ്റർ വിത്സൺ സാമുവേൽ, പാസ്റ്റർ സാബു ചാപ്രത്ത് എന്നിവർ നിർവ്വഹിച്ചു. പാസ്റ്റർ വിജയകുമാർ, ജയ്സൺ സോളമൻ, ജോസ് പ്രകാശ്, ഷിബു വിക്ടർ, വിൻസെന്റ്, ഇവാ.ജോൺ പോൾ ജൈസിംഗ്, പിന്റോ ജോയി തോമസ്, സജികുമാർ എന്നിവർ നേതൃത്വം നൽകി.

## ബാഗ് കുട വിതരണം




വയനാട്: ഫേബാ കമ്പാഷൻ വയനാട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാനന്തവാടി ഊപ്പിള്ളി കോളനിയിൽ 100 കുട്ടികൾക്ക് ബാഗും കുടയും നോട്ടുബുക്കും വിതരണം ചെയ്തു. ഫേബാ കംപാഷൻ മാനേജിംഗ് ഡയറക്ടർ റവ.ജോൺസൺ പൂവൻതുരുത്ത് മുഖ്യാതിഥി ആയിരുന്നു. വൈസ് ചെയർമാൻ പാസ്റ്റർ സജി നെടുങ്കണ്ടം സ്വാഗതവും, ചെയർമാൻ ബിജു പയ്യംപള്ളി, സെക്രട്ടറി ജോയി മുളക്കൻ, കോഡിനേറ്റർ തോംസൺ ഒറ്റത്തെങ്ങിൽ എന്നിവർ പ്രസംഗിച്ചു.

## പഠനോപകരണ വിതരണം



കോഴിക്കോട്: പ്രിസൺ ഫെലോഷിപ്പ് കേരളാ കോഴിക്കോട് ജില്ലാ ജയിലിലെ അന്തേവാസികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഡയറക്ടർ ബാബു കെ.മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ സൂപ്രണ്ട് ടി. ബാബു രാജൻ അദ്ധ്യക്ഷനായിരുന്നു. ഉത്തര മേഖലാ ജയിൽ ഡി.ഐ.ജി.ശ്രീ ശിവദാസ് കെ.തൈപ്പറമ്പിൽ ഉദ്ഘാടനവും പഠനോപകരണ വിതരണവും നടത്തി. പാസ്റ്റർ സുനിൽ എം.ചാക്കോ സമാപന സന്ദേശം നൽകി.




ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന **RK Group of Institutions**-ന്റെ കീഴിലുള്ള നേഴ്സിംഗ് കോളജുകളിലേക്ക് **M.Sc., B.Sc., Post B.Sc, GNM** എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. **INC, KNC, RGUHS** അംഗീകൃതം. ക്രമീകൃതമായ ക്യാമ്പസ് സൗകര്യം, ഡിജിറ്റൽ ക്ലാസ് റും സ്വന്തമായ ഹോസ്പിറ്റൽ സൗകര്യം; പെന്തെക്കോസ്ത് വിശ്വാസികൾക്ക് ആരാധനക്കും ഉപവാസ പ്രാർത്ഥനക്കും പ്രത്യേകം സൗകര്യം,. ക്യാമ്പസിൽ പ്രത്യേക പ്രാർത്ഥനാ അന്തരീക്ഷം. കഴിഞ്ഞ 15 വർഷമായി ബാംഗ്ലൂരിൽ 100% വിജയം നേടിയിട്ടുള്ള നേഴ്സിംഗ് സ്ഥാപനങ്ങൾ: പഠനശേഷം ജോലിക്കുള്ള ക്രമീകരണങ്ങൾ:

**Fees B.Sc/ Nursing:**
Food & Accommodation+Tuition fees
+Uniform 2.65 lakhs (4 years)
**GNM:** 1.60 lakh- (3 years.)

**ഒളിഞ്ഞിരിക്കുന്ന മറ്റു ഫീസുകളില്ല.**

Office: Parvathi Nagar Laggare Main Road, Bangalore.
www.rkgroupinstitutions.com
Contact Kerala: College Administrator
Pr.M.K.James Phone: **9961015755, 9496479402**




**വിരുദംപെട്ട് ബസ് സ്റ്റോപ്പിന് സമീപം**
**കാട്പാടി-വെല്ലൂർ മെയിൻ റോഡിന്റെ അരികിൽ**

**ആരാധനാ സമയം**
**ഞായർ : 9:15 AM വെള്ളി : 10:30 AM ശനി: 7:30 PM**

**സഭയുടെ പ്രത്യേകതകൾ**
* 1985 മുതൽ കഴിഞ്ഞ 28 വർഷമായി നടക്കുന്ന ആത്മാവിലും സത്യത്തിലുമുള്ള പെന്തെക്കോസ്ത് കൂട്ടായ്മ
* Malayalam-English സംയുക്ത ആരാധനക്ക് പുറമേ തമിഴ് ഭാഷയിലും ആരാധന
* പ്രാർത്ഥന, വചനശുശ്രൂഷ, ആരാധന എന്നിവയ്ക്ക് മുൻഗണന
* സഭയുടെ സമീപം സ്ഥിതി ചെയ്യുന്ന Emmanuel Guidance Center-ൽ CMC ഹോസ്പിറ്റലിൽ ചികിത്സക്കും ഇന്റർവ്യൂവിനും വരുന്നവർക്ക് താമസ സൗകര്യം.

സഭാ വിഭാഗ വ്യത്യാസമില്ലാതെ
ഏവർക്കും സ്വാഗതം

**പാസ്റ്റർ സാമുവേൽ വർഗീസ്** *(ഐ.പി.സി.ചെന്നൈ സെൻട്രൽ ഡിസ്ട്രിക്ട് പാസ്റ്റർ)* സഭയ്ക്ക് നേതൃത്വം നൽകുന്നു.

**IPC PHILADELPHIA, VELLORE**
**1BRA.NAGAR, VIRUDHAMPET, VELLORE-632 006, Tamil Nadu**
**Phone: 0416 224 5278/ 09843448212**

# ബിരുദദാന ചടങ്ങും മിഷൻ ചലഞ്ചും



ഷാർജ: വർഷിപ്പ് സെന്റർ കോളജ് ഓഫ് തിയോളജിയുടെ രണ്ടാമത് ബിരുദദാന സമ്മേളനം ജൂൺ 27-ന് നടന്നു. ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രഡിറ്റേഷൻ ഡയറക്ടർ ഡോ. സ്റ്റാലിൻ കെ.തോമസ്, റവ.ഡോ.ഹെക്ടർ റോമോസ് (യുഎസ്എ), എന്നിവർ മുഖ്യാതിഥികളായിരുന്നു. ഡയറക്ടർ പാസ്റ്റർ വിത്സൻ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. രജിസ്ട്രാർ പാസ്റ്റർ റോയ് ജോർജ്ജ്, കോർഡിനേറ്റർ ബ്രദർ റോയ് ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകി.

സിറ്റിഎച്ച്, ഡിപ്ലോമ ഇൻ തിയോളജി, ബി.റ്റിഎച്ച്, എം.ഡിവ് എന്നീ കോഴ്സുകളാണ് നടക്കുന്നത്. ഈ വർഷം മുതൽ പി.ജി.ഡിപ്ലോമാ ഇൻ മിനിസ്ട്രിയും ആരംഭിക്കുന്നു. 2012 മുതൽ ഭാരത സുവിശേഷീകരണം ലക്ഷ്യമാക്കിയും യു.എ.ഇ.ലെ ലേബർ ക്യാമ്പുകൾക്കായുള്ള സേവനം മുൻനിർത്തിയും റീച്ച് ദ് അൺറീച്ച്ഡ് എന്ന പേരിൽ പ്രത്യേക മിഷൻ കേന്ദ്രീകൃത പരിശീലനം നടത്തുന്നുണ്ട്. ദൗത്യമേഖലകളെ നേരിൽക്കണ്ട് മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്കും അവധിക്ക് നാട്ടിൽ പോകുന്നവർക്കുമായി മിഷൻ ഫീൽഡുകൾ സന്ദർശിക്കുന്നതിനുള്ള അവസരവും ഒരുക്കുന്നു. യു.എ.ഇയിലുള്ള അഞ്ച് അദ്ധ്യാപകരെക്കൂടാതെ ഇന്ത്യയിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസുകൾക്കായെത്തുന്നു. വിവിധ കോഴ്സുകളിലായി നൂറോളം വിദ്യാർത്ഥികൾ പഠിക്കുന്നു. ജൂലൈ മാസം മുതൽ പുതിയ അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിക്കുന്നു.

ഫോൺ: പാസ്റ്റർ വിത്സൺ ജോസഫ് +971 50 4814789 പാസ്റ്റർ റോയ് ജോർജ്ജ് +971 50 4993954

## ഒന്നാം സ്ഥാനം നേടി



ഊട്ടിയിൽ വച്ച് നടന്ന 14-ാത് ആൾ ഇന്ത്യാ സബ് ജൂനിയർ പവ്വർ ലിഫ്റ്റ് ചാമ്പ്യൻഷിപ്പിൽ 105 കിലോഗ്രാം വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി സ്വർണ്ണമെഡൽ നേടി ദേശീയ ചാമ്പ്യനായ അജയ് ജോൺ. 4 പ്രാവശ്യം സംസ്ഥാന പവ്വർ ലിഫ്റ്റിംങ് ചാമ്പ്യൻ ടീമിൽ റെക്കോർഡ് നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. നെടുമങ്ങാട് മള്ളിപ്പാറ ദൈവസഭാംഗമാണ്. ഡിസ്ട്രിക്ട് പാസ്റ്റർ ജോസഫ് ദാനിയേലും സഭയും ഇദ്ദേഹത്തെ ആദരിച്ചു. ഇപ്പോൾ തിരുവനന്തപുരം എം.ജി.കോളജിലെ ബി.എ.വിദ്യാർത്ഥിയുമാണ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഈ കുടുംബത്തിന് മകന്റെ പഠനത്തിനും തുടർന്ന് ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുവാനും ദൈവമക്കളുടെ പ്രാർത്ഥനയും സഹായവും അഭ്യർത്ഥിക്കുന്നു. ഫോൺ: 9947874578

## വിദ്യാഭ്യാസ സഹായം



നെടുമങ്ങാട്: ന്യൂയോർക്ക് ഫസ്റ്റ് ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ നെടുമങ്ങാട് ഡിസ്ട്രിക്ടിലെ 53 വിദ്യാർത്ഥികൾക്ക് സഹായം നൽകി. മെയ് 23-ന് മുണ്ടിയപ്പാറ ദൈവസഭാ ഹാളിൽ കൂടിയ യോഗത്തിൽ പാസ്റ്റർ റ്റി.എ. ജോർജ്ജ് മുഖ്യപ്രഭാഷണം നടത്തി. ഡിസ്ട്രിക്ട് പാസ്റ്റർ ജോസഫ് ഡാനിയേൽ വിദ്യാഭ്യാസ സഹായം നൽകി.


# PRAYER GROUP

*100-ൽപ്പരം പ്രാർത്ഥനാ പോരാളികൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടു കൂടി വിളിക്കുക*

**ARMY OF JESUS PRAYER GROUP**

**PH: 9388877834, 9846821874**

KOTHAMANGALAM, THODUPUZHA, NEDUMBASSERY, UPPUTHARA, ERNAKULAM,etc


## സഹായിക്കുക

തിരുവനന്തപുരം നോർത്ത് സെന്ററിലെ ഐ.പി.സി.പള്ളിപ്പുറം സഭക്ക് വേണ്ടി സെന്ററിന്റെ സഹകരണത്തോടെ നാല് സെന്റ് സ്ഥലം വാങ്ങുവാൻ ആഗ്രഹിക്കുന്നു. 2001-ൽ പാസ്റ്റർ ഡി.ടൈറ്റസ് ആരംഭിച്ച ഈ പ്രവർത്തനത്തിൽ ഹൈന്ദവരിൽ നിന്ന് 40-ാളം പേർ ആരാധിച്ചു വരുന്നു. ഇതുവരെ 8 വീടുകൾ മാറി മാറിയാണ് ആരാധിച്ചു വന്നത്. പുതുതായി ധാരാളം പേർ വരുന്നുണ്ടെങ്കിലും ഹാളില്ലാത്തതിനാൽ സ്ഥിരമായി നില്ക്കുന്നില്ല. സഭാ വിശ്വാസികൾ സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്നവരാണ് മൂന്ന് മാസ കാലാവധിയിൽ വസ്തുവിന് അഡ്വാൻസ് നൽകിക്കഴിഞ്ഞു. ദൈവവേലയെ സ്നേഹിക്കുന്ന ദൈവമക്കൾ ദയവായി സഹായിക്കുക.

**പാസ്റ്റർ ഡി.ടൈറ്റസ് ഫോൺ: 9847581921**
**Ac.No. 57045755662 SBT പോത്തൻകോട്**

## തിരഞ്ഞെടുത്തു



കൊട്ടാരക്കര: സോണൽ പി.വൈ.പി.എ.സെക്രട്ടറിയായി സുവി.ജോർജ്ജ് തോമസ് ശൂരനാട് തിരഞ്ഞെടുക്കപ്പെട്ടു. സ്ഥലം മാറ്റത്തോടനുബന്ധിച്ച് ഒഴിവ് വന്നതിനാലാണ് ഇപ്പോൾ തിരഞ്ഞെടുപ്പ് വേണ്ടി വന്നത്. അടൂർ വെസ്റ്റ് സെന്റർ പി.വൈ.പി.എ. വൈസ് പ്രസിഡന്റും സ്റ്റേറ്റ് താലന്ത് കൺവീനറുമാണ്. ശൂരനാട് ഐ.പി.സി.സഭാ ശുശ്രൂഷകനും അടൂർ വെസ്റ്റ് സെന്റർ വൈസ് പ്രസിഡന്റുമായ പാസ്റ്റർ തോമസ് ജോസഫിന്റെ മകനുമാണ്.


## ചെന്നൈ - വേളാച്ചേരിയിൽ ആരാധനയ്ക്ക്
# ഐ.പി.സി.ഹോരേബ് വർഷിപ്പ് സെന്റർ



**200ft റോഡ്-വേളാച്ചേരി കാമാക്ഷി ഹോസ്പിറ്റലിന് സമീപം**
**No.73, III St., ശ്രീനഗർ-ചെന്നൈ-600 100**

* ECR റോഡിൽ നിന്ന് - 6km * OMR റോഡിൽ നിന്ന് - 2km
* GST റോഡിൽ നിന്ന് -7KM * Airport-ൽ നിന്നും -8km
* Velachery railway Station-ൽ നിന്ന് 2 ½ km.

മലയാളം ആരാധനക്കും പ്രാർത്ഥനാവശ്യങ്ങൾ, കൗൺസിലിംഗ്, വ്യക്തിഗത സുവിശേഷീകരണം, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.

**പാസ്റ്റർ ടി.എസ്.പ്രസാദ് 9444033340**
email: tsprasadh@gmail.com | tsprasadh@yahoo.com



# ENGINEERING, PHARMACY, B.Sc NURSING, BHM

## തികച്ചും സൗജന്യമായി പഠിക്കുവാൻ അവസരം

ഉദാരമതികളായ ചില വ്യക്തികളുടെ സ്പോൺസർഷിപ്പ് വഴി വിദ്യാഭ്യാസ വായ്പയോ, മറ്റു കടബാദ്ധ്യതകളോ കൂടാതെ Engineering, B-Pharm, B.Sc.Nursing, Hotel Management എന്നിവയിൽ അവരവർക്ക് ഇഷ്ടമുള്ള കോഴ്സ് തികച്ചും സൗജന്യമായി പഠിക്കുവാൻ അവസരം. 4 വർഷം പഠിക്കുന്നതിനാവശ്യമായ ഫീസ്, ഹോസ്റ്റൽ ഫീസ്, ഭക്ഷണം, യൂണിഫോം, ടെക്സ്റ്റ് ബുക്സ്, സ്റ്റഡി മെറ്റീരിയൽസ്, പരീക്ഷാ ഫീസ്, യാത്രാ ചിലവ് തുടങ്ങി കോഴ്സ് പഠിച്ചു തീരുന്നതുവരെ എല്ലാ ചിലവുകളും സ്പോൺസർഷിപ്പിൽ ഉൾപ്പെടുന്നതാണ്. 2010-ന് ശേഷം +2 പരീക്ഷ 60%-ൽ കൂടുതൽ മാർക്കോടെ പാസ്സായ സാമ്പത്തിക പ്രയാസം മൂലം ഉപരിപഠനം വഴിമുട്ടി നില്ക്കുന്ന, ഉപരിപഠനം ഏറ്റവും ആഗ്രഹിക്കുന്ന സൽസ്വഭാവികളായ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷാ ഫീസ്, Service charge, registration fees തുടങ്ങി യാതൊരു ഫീസും ഈടാക്കുന്നതല്ല. പഠനശേഷം ബോണ്ട്, നിർബ്ബന്ധ സേവനം എന്നിവയും ഉണ്ടായിരിക്കുന്നതല്ല. തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചു വിദ്യാർത്ഥികൾക്കാണ് ഇപ്രകാരം പഠിക്കുവാൻ അവസരം നൽകുന്നത്. 5 വിദ്യാർത്ഥികൾക്കുള്ള എല്ലാ സേവനങ്ങളും സൗജന്യമായിരിക്കും. ഏതെങ്കിലും വിധത്തിലുള്ള ശുപാർശകൾ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

Interested Candidates are requested to send their application to:
prokaravali@gmail,com

കൂടുതൽ വിവരങ്ങൾക്കായി പൊൻകുന്നം ടൗണിൽ മില്ലേനിയം ലാബ് ബിൽഡിംഗ്സിൽ പ്രവർത്തിക്കുന്ന കരാവലി കോളജ് ഇൻഫർമേഷൻ സെന്റർ സന്ദർശിക്കാവുന്നതാണ്.

**Contact No. 04828324598**



# ENGINEERING, PHARMACY, B.Sc Nursing, BHM

## കോഴ്സുകൾക്ക് ഡൊണേഷൻ ഇല്ല. ഫീസ് ഗണ്യമായി കുറച്ചിരിക്കുന്നു. തവണകളായി ഫീസ് അടയ്ക്കുവാൻ സൗകര്യം.

Engineering, Pharmacy, Hotel Management, B.Sc Nursing എന്നീ കോഴ്സുകൾ സാമ്പത്തിക പ്രയാസമുള്ളവർക്ക് ഇപ്പോൾ ഫീസ് അടക്കാതെ അഡ്മിഷൻ ലഭിക്കുന്നതും, നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതു വരെ ഫീസ് അടയ്ക്കുവാൻ സാവകാശം ലഭിക്കുന്നതുമാണ്. ഓരോ കോഴ്സുകളുടെയും ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്കുള്ള മുഴുവൻ തുകയും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതും, സാമ്പത്തിക പ്രയാസമുള്ളവർക്ക് യൂണിഫോം, ടെക്സ്റ്റ് ബുക്സ്, സ്റ്റഡി മെറ്റീരിയൽസ്, പരീക്ഷാ ഫീസ്, എന്നീ ചിലവുകൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതുമാണ്. മംഗലാപുരത്തെ പ്രശസ്തമായതും, റാഗിംഗ് ഇല്ലാത്തതും, ഏറ്റവും മികച്ച റിസൽട്ട്, 100% പ്ലേസ്മെന്റ്, Rajiv Gandhi University of Health Science, Visveswara Technological University, Mangalore University, AICTE, PCI, INC, KNC എന്നീ എല്ലാവിധ അംഗീകാരങ്ങളും, മികച്ചതും സുരക്ഷിതവുമായ ഹോസ്റ്റൽ സൗകര്യവും, വിശാലമായ മൂന്ന് ക്യാമ്പസുകളുമുള്ള കഴിഞ്ഞ 17 വർഷമായി മികച്ച നിലവാരത്തിൽ പ്രവർത്തിച്ചു വരുന്ന കോളജാണ് കരാവലി കോളജ്. വിശ്വാസികളായ വിദ്യാർത്ഥികൾക്ക് പ്രാർത്ഥനക്കും ആരാധനക്കും സൗകര്യമുണ്ട്. മലയാളികളും വിശ്വാസികളുമായ മികച്ച വാർഡന്മാരുണ്ട്.

അഡ്മിഷൻ ആഗ്രഹിക്കുന്നവർ ഉടൻ നേരിൽ സന്ദർശിക്കുക

**KARAVALI COLLEGE INFORMATION CENTRE**
Millenium Clinical Lab Building
Near SBT NH-220, Ponkunnam, Kottayam Dt
Contact No.0482-8324598, 9287265255

## യാത്രയായവർ

### പാസ്റ്റർ ജോസഫ് കുരുവിള



**റാന്നി:** ഐ.പി.സിയിലെ സീനിയർ ശുശ്രൂഷകനും പാമ്പാക്കുട സെന്ററുമായ നെല്ലിക്കമൺ ചെള്ളേത്ത് പാസ്റ്റർ ജോസഫ് കുരുവിള (76) നിര്യാതനായി. സംസ്കാരശുശ്രൂഷ ജൂൺ 29ന് നെല്ലിക്കമൺ ഐ.പി.സി. സെമിത്തേരിയിൽ നടന്നു. ഭാര്യ: നെല്ലിക്കമൺ മുള്ളംകാട്ടിൽ അന്നമ്മ. മക്കൾ: ആനി, സാം (കുവൈത്ത്), മേഴ്സി (യു.എസ്.എ), ഫിന്നി (യു.എസ്.എ), ഗ്രേസി, ഗ്ലോറി (സൗദി). മരുമക്കൾ: പാസ്റ്റർ ബേബിക്കുട്ടി (ഐ.പി.സി, കിഴുമുറി), ജെസി, മോനായി, ജോയ്സ്, ടൈറ്റസ്, സജി.

### എം.സി.ചാക്കോ (ജോയി)



തിരുവനന്തപുരം: നാലാഞ്ചിറ ശാരോൻ നഗറിൽ മധുരം പൊയ്കയിൽ എബൻ ഏസർ വില്ലയിൽ എം.സി. ചാക്കോ (ജോയി–77) ജൂൺ 9–ന് നിര്യാതനായി. പരുത്തിപ്പാറ ഐ.പി.സി. ഗ്രേസ് ടാബർനാക്കിൾ സഭാ സെമിത്തേരിയിൽ (മലമുകൾ) പാസ്റ്റർ കെ.സി.തോമസ് ശവസംസ്ക്കാര ശുശ്രൂഷ നിർവ്വഹിച്ചു.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ ആദ്യകാല പ്രവർത്തകരിലൊരാളും, കുമ്പനാട് ഐ.പി.സി.എലീം സഭയുടെ പ്രഥമ ശുശ്രൂഷകനുമായ പരേതനായ പാസ്റ്റർ എം.സി.ചാക്കോ (കൊച്ചുപ്പാപ്പൻ)യുടെ ഏഴു മക്കളിൽ മൂത്ത മകനാണ്.

1958 മുതൽ 1990 വരെ ദുബായിലും, അബുദാബിയിലുമായി ബാങ്ക് ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ അവിടെയുള്ള ഐ.പി.സി.യുടെ പ്രവർത്തനങ്ങൾക്ക് വളരെ കൈത്താങ്ങൽ നൽകി. 28 വർഷമായി പരുത്തിപ്പാറ ഐ.പി.സി.സഭയിൽ സജീവ പ്രവർത്തകനായിരുന്നു. റാന്നി കണ്ണാടിക്കൽ ശ്രീ.കെ.പി.ഫിലിപ്പിന്റെ മകൾ തങ്കമ്മയാണ് ഭാര്യ. മക്കൾ: ഷിബു, ഷെജി, ഷീന. മരുമക്കൾ: റോജി, പ്രൈമ, സാം.

സഹോദരങ്ങൾ: സാറാമ്മ & പാസ്റ്റർ കെ.എസ്.ചാക്കോ (തിരുവനന്തപുരം) ഏലിയാമ്മ & പാസ്റ്റർ ഫിലിപ്പ് ഫിലിപ്പ് (യുഎസ്എ) നിര്യാതനായ എം.സി.ജോർജ്ജ്, ശോശാമ്മ & എ.ജെ. കുരുവിള (യുഎസ്എ) മറിയാമ്മ & പി.എം.മാമ്മൻ (തിരുവനന്തപുരം) ഏബ്രഹാം ചാക്കോ & ലീലാമ്മ ഏബ്രഹാം (യുഎസ്എ)

### കെ.ഒ.ചാക്കോ



**ഉറുകുന്ന്:** ഒറ്റക്കൽ ഐ.പി.സി.സഭാംഗം ഉറുകുന്ന് നേതാജി കണിയാംപാറ വീട്ടിൽ കെ.ഒ.ചാക്കോ (കങ്ങഴ കുഞ്ഞുകുട്ടി 94) ജൂൺ 1–ന് നിര്യാതനായി. സംസ്കാരം ജൂൺ 3–ന് പുനലൂർ പ്ലാച്ചേരി എ.ജി.സെമിത്തേരിയിൽ പാസ്റ്റർ പി.എസ്.ഫിലിപ്പിന്റെ നേതൃത്വത്തിൽ നടത്തി.

മക്കൾ: അമ്മിണി, ഏലിയാമ്മ, അന്നമ്മ, ജോർജ്ജുകുട്ടി, ചെറിയാൻ, സാലി.

### പാസ്റ്റർ ഏബ്രഹാം ജോസഫ്



കോന്നി: ചെങ്ങറ വെഞ്ചാൽ പുത്തൻ വീട്ടിൽ പാസ്റ്റർ ഏബ്രഹാം ജോസഫ് (തങ്കച്ചൻ–80) നിര്യാതനായി. സംസ്ക്കാരം കോന്നി സുവാർത്താ ചർച്ച് സെമിത്തേരിയിൽ നടന്നു. ഭാര്യ: പരേതയായ തങ്കമ്മ, മക്കൾ: മറിയാമ്മ, പൊന്നമ്മ, ലീലാമ്മ, പാസ്റ്റർ ഏബ്രഹാം (കോന്നി സുവാർത്താ ചർച്ച്), മരുമക്കൾ: ബേബിക്കുട്ടി, പാസ്റ്റർ ബേബി കടമ്പനാട് (ഐ.പി.സി.സീനിയർ മിനിസ്റ്റർ), സുമം മാത്യു, കൊച്ചുമക്കൾ: ബ്ലസൻ, ബ്ലസി, ബൈജു, ഫിന്നി, ഫെബി, അഭിഷേക്.

### അന്നമ്മ ചെറിയാൻ



പത്തനാപുരം: ഐ.പി.സി. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സി.ഐ.ചെറിയാന്റെ സഹധർമ്മിണിയും, കൊട്ടാരക്കര മേഖലാ പ്രസിഡന്റ് പാസ്റ്റർ ഇ.സി. ജോർജ്ജിന്റെ മകളുമായ അന്നമ്മ ചെറിയാൻ (70) നിര്യാതയായി. കുമ്പനാട് നടന്ന ശുശ്രൂഷയിൽ പാസ്റ്റർമാരായ റ്റി.എസ്.ഏബ്രഹാം, കെ.സി. തോമസ് എന്നിവർ നേതൃത്വം നൽകി. സംസ്ക്കാര ശുശ്രൂഷകൾക്ക് പാസ്റ്റർ എം.വി.വർഗീസ് നേതൃത്വം നൽകി.

മക്കൾ: ലൂയിസ്, ബ്ലസി, ഗ്ലോറി, ഗോഡ്ലി.

മരുമക്കൾ: പാസ്റ്റർ കെ.സി.ജോർജ്ജ്, രാജൻ ഡാനിയേൽ, ലൂക്കോസ്, രാജു കുഞ്ഞുകുഞ്ഞ്

സഹോദരങ്ങൾ: പാസ്റ്റർ തോമസ് ജോർജ്ജ് (ആസ്ട്രേലിയാ), എലിസബത്ത്, സാം ജോർജ്ജ് (ഐ.പി.സി. ജനറൽ ജോ.സെക്രട്ടറി), ജേക്കബ് ജോർജ്ജ്, പെർസിസ് (യു.എസ്.എ), ഏബ്രഹാം ജോർജ്ജ് (ആസ്ട്രേലിയാ), സാറാമ്മ

### സാലി റെഞ്ചി



വാഴമുട്ടം: വാപ്പനാൽ വീട്ടിൽ റെഞ്ചി വി.മാത്യുവിന്റെ (ഡി.എച്ച്.എൽ.മാത്യൂസ്) ഭാര്യ സാലി റെഞ്ചി (47) ജൂൺ 14ന് നിര്യാതയായി. സംസ്ക്കാരം ജൂൺ 16–ന് സ്വഭവനത്തിൽ ശുശ്രൂഷ ആരംഭിച്ച് 3–ന് പുത്തൻപീടിക റ്റി.പി.എം.സെമിത്തേരിയിൽ നടത്തി. പരേത കുമ്പനാട് പൂഴിക്കാല കുടുംബാംഗമാണ്. പിതാവ് പരേതനായ പി.എം.തോമസ്. മാതാവ് സാറാമ്മ തോമസ്, സഹോദരങ്ങൾ: പി.റ്റി.വർഗീസ് (ദോഹ), ഗ്രേസി (റിയാ ട്രാവൽസ്, മുംബൈ), ജോസ് (യു.എസ്.എ), സന്തോഷ് ( മുംബൈ), മക്കൾ: പ്രീതി ജോൺസൺ, റീമ റെഞ്ചി, മരുമകൻ: ജോൺസൺ പി.ജോസഫ്.

### ശോശാമ്മ സ്കറിയാ



നിലമ്പൂർ: ചക്കാലക്കുത്ത് ചേറ്റേടത്ത് പരേതനായ സ്കറിയായുടെ ഭാര്യ ശോശാമ്മ സ്കറിയാ (92) നിര്യാതയായി. നിലമ്പൂർ ചക്കാലക്കുത്ത് ഐ.പി.സി. സഭാംഗമായിരുന്നു. കുഞ്ഞമ്മ, മേരിക്കുട്ടി, കുഞ്ഞുമോൻ, പാസ്റ്റർ രാജു സ്കറിയാ (യുഎസ്എ), കുഞ്ഞുമോൾ എന്നിവർ മക്കളും ജോയി, കുഞ്ഞച്ചൻ, എത്സി, ആലീസ് (യുഎസ്എ), സോമർവെൽ എന്നിവർ ജാമാതാക്കളുമാണ്.

### പാസ്റ്റർ വർഗ്ഗീസ് ശാമുവേൽ



കുളത്തുപ്പുഴ: ചന്ദക്കാവ് ഇലവുംമൂട്ടിൽ ഇ.കെ. ശാമുവേലിന്റെ മകനും ഐ.പി.സി. വേങ്ങൂർ സെന്റർ മരുതമൺ പള്ളി ഹെബ്രോൺ സഭാശുശ്രൂഷകനും യുവജനപ്രവർത്തകനുമായിരുന്ന പാസ്റ്റർ വർഗീസ് ശാമൂവേൽ (38) നിര്യാതനായി. തിങ്കൾക്കരിക്കം ഐ.പി.സി. സഭയുടെ കുളത്തുപ്പുഴ സെമിത്തേരിയിൽ പാസ്റ്റർ കെ.സി. തോമസ് സംസ്കാരശുശ്രൂഷ നിർവ്വഹിച്ചു. അഞ്ചൽ സെന്റർ ശുശ്രൂഷകൻ കുഞ്ഞുമോൻ വർഗീസ് നേതൃത്വം നൽകി.

വേങ്ങൂർ സെന്റർ ജോയിന്റ് സെക്രട്ടറി, ഇവാൻജലിസം ഡയറക്ടർ, പി.വൈ.പി.എ. സെന്റർ വൈസ് പ്രസിഡന്റ്, സണ്ടേസ്കൂൾ സെന്റർ കമ്മറ്റി അംഗം, പി.വൈ.പി.എ സംസ്ഥാന സമിതിയംഗം, താലന്ത് ജോയിന്റ് കൺവീനർ, കൊട്ടാരക്കര പി.വൈ.പി.എ. ജോയിന്റെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ഏരൂർ പള്ളി താഴത്ത് റോസ്‌ലി വർഗീസ്.

മക്കൾ: ബ്ലസൺ, നാൻസി.

## ഭാരവാഹികൾ

**ഈരാറ്റുപേട്ട:** ഐ.പി.സി.ഈരാറ്റുപേട്ട ഏരിയായുടെ പുതിയ ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ രാജേഷ് പ്ലാത്തോട്ടം, വൈസ് പ്രസിഡന്റ് പാസ്റ്റർ ജെയ്ൻ, സെക്രട്ടറി പാസ്റ്റർ എബി എം. രാജു, ജോ.സെക്രട്ടറി സണ്ണി വരദുകാല, ട്രഷററായി ജോസ്, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ സുഭാഷ് കെ.റ്റി, സൺഡേസ്കൂൾ കൺവീനർ പാസ്റ്റർ ലാസർ, കൊയർ കൺവീനർ പാസ്റ്റർ ഷൈജു എന്നിവരെ തിരഞ്ഞെടുത്തു.

**ഇടുക്കി:** ഐ.പി.സി.ഇടുക്കി നോർത്ത് സെന്ററിന്റെ ഭാരവാഹികളായി പാസ്റ്റർ പി.ജെ.സാമുവേൽകുട്ടി (പ്രസിഡന്റ്), പാസ്റ്റർ പി.എസ്.രാജു (വൈസ് പ്രസിഡന്റ്), പാസ്റ്റർ വി.റ്റി. തോമസ് (സെക്രട്ടറി), പാസ്റ്റർ സാം മാത്യു (ജോ.സെക്രട്ടറി), എം.വി.സെബാസ്റ്റ്യൻ (ട്രഷറാർ), സുവി.ടി.പി. സാബു (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

**തൃശൂർ:** ഐ.പി.സി. തൃശൂർ വെസ്റ്റ് സെന്റർ ഭാരവാഹികളായി പാസ്റ്റർ ജോസഫ് ജോർജ്ജ് (പ്രസിഡന്റ്), പാസ്റ്റർ പി.വി.സുരേഷ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ മാത്യു കെ.വർഗീസ് (സെക്രട്ടറി), കെ.വി.ബാബു (ജോ.സെക്രട്ടറി), എ.സി.തിമോത്തി (ട്രഷറാർ), കെ.സി.ജോൺ (ചെയർമാൻ–ചാരിറ്റി), ഇവാ.സി.ജെ.ജെയ്സൺ (ചെയർമാൻ–ഇവാഞ്ചലിസം) എന്നിവരെ തിരഞ്ഞെടുത്തു.

## അധ്യയന വർഷം ആരംഭിച്ചു

ചെറുവക്കൽ: ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ പുതിയ അധ്യയന വർഷ ക്ലാസുകൾ ആരംഭിച്ചു. ഏപ്രിൽ 29–ന് വൈസ് പ്രിൻസിപ്പാൾ ഡോ.രാജു തോമസിന്റെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പാൾ ഡോ.പി.എസ്.പ്രിൻസ് ഉദ്ഘാടനം ചെയ്തു. ഡോ.ജോൺ സാമുവേൽ മുഖ്യ സന്ദേശം നൽകി.ഫോൺ 9447766316

## ഏകദിന സമ്മേളനം

കോട്ടയം: യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഏകദിന മീറ്റിംഗ് കോട്ടയം സെന്റർ എ.ജി.ചർച്ചിൽ ജൂൺ 29ന് നടക്കും. റവ.തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. മേഴ്സി തോമസ് കുമ്പനാട് പ്രസംഗിക്കും.

## ഭാരവാഹികൾ

എ.ജി.റാന്നി ഈസ്റ്റ് സെക്ഷൻ ഭാരവാഹികളായി റവ. തോമസ്സ് ആന്റണി (പ്രസ്ബിറ്റർ), റവ. ജെയിംസ് ഏബ്രഹാം (സെക്രട്ടറി), റവ. തോമസ് ചാക്കോ(ട്രഷറാർ), ബ്രദർ. ലാലൻ പൗലോസ് (മെമ്പർ), ബ്രദർ. വി. ഡി. സജിമോൻ (മെമ്പർ) എന്നിവരെ തിരഞ്ഞെടുത്തു.

## കൺവൻഷൻ

വെള്ളറട: കൂതാളി ഗത്സെമന പ്രയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ കൂതാളി വി.പി.എസ്. സ്കൂൾ ഗ്രൗണ്ടിൽ ഏപ്രിൽ 30 മുതൽ ജൂൺ 2 വരെ കൺവൻഷൻ നടന്നു. പാസ്റ്റർ വൈ ലോറൻസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ കെ.ഒ.തോമസ്, ജോസ് കാരാളി, എന്നിവർ പ്രസംഗിച്ചു.

## വാർഷിക പൊതുയോഗം

വിഴിഞ്ഞം: ഐ.പി.സി.വിഴിഞ്ഞം ഏറിയായുടെ ആനുവൽ ജനറൽ ബോഡി മീറ്റിംഗ് ജൂൺ 8–ന് പൂങ്കുളം ഐ.പി.സി.ബഥേസ്ദാ പ്രയർ & കൗൺസലിംഗ് സെന്ററിൽ ഏര്യാ ശുശ്രൂഷകന്റെ നേതൃത്വത്തിൽ നടന്നു.

## പി.വൈ.പി.എ. വിദ്യാഭ്യാസ സഹായം

തിരുവനന്തപുരം: മേഖലാ പി.വൈ.പിഎ.ക്ക് സ്റ്റേറ്റ് പി.വൈ.പി.എ. അനുവദിച്ച 50 വിദ്യാഭ്യാസ സഹായം ജൂൺ 15–ന് ആറാമട ഐ.പി.സി. സഭാഹാളിൽ പ്രസിഡന്റ് പാസ്റ്റർ വിത്സൺ ശമുവേലും, സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്തും, വൈസ് പ്രസിഡന്റ് പാസ്റ്റർ സിനോജ് ജോർജ്ജ് എന്നിവർ വിതരണം ചെയ്തു. ഐഡി കാർഡിന്റെ വിതരണവും നടന്നു.

## എക്സൽ വി.ബി.എസ്സ് കുടുംബസംഗമം




*എക്സൽ വി.ബി.എസ്സ് കുടുംബസംഗമം ശ്രീ. വർക്കി ഏബ്രഹാം കാച്ചാണത്ത് ഉത്ഘാടനം നിർവ്വഹിക്കുന്നു.*

**തിരുവല്ല** : ഇന്ത്യയിലെ പ്രമുഖ വി.ബി.എസ്സ് പ്രവർത്തനമായ എക്സൽ വി.ബി.എസ്സിന്റെ കുടുംബ സംഗമം മെയ് 18 ന് തിരുവല്ല ശാന്തിനിലയത്തിൽ നടന്നു. പാസ്റ്റർ ജിജി ചാക്കോ അദ്ധ്യക്ഷത വഹിച്ച സമ്മേളനം വർക്കി എബ്രഹാം കാച്ചാണത്ത് ഉത്ഘാടനം ചെയ്തു. പാസ്റ്റർ തോമസ്സ് എം. പുളിവേലിൽ മുഖ്യസന്ദേശം നൽകി. ജോർജ്ജ് കോശി മൈലപ്ര ക്ലാസ്സ് നയിച്ചു. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, പാസ്റ്റർ സാംകുട്ടി മാത്യു, ജോർജ്ജ് എ.ജി.റ്റി, തമ്പി പ്ലാങ്കമൺ, പാസ്റ്റർ സ്റ്റുവർട്ട് തിരുവനന്തപുരം, പാസ്റ്റർ സി.കെ വിജയൻ, പാസ്റ്റർ കെ.വി.ജോൺ, അലക്സ് ദോഹ, റോയി പുതുശ്ശേരി, ഇവ.ജിബു തോമസ് ബാംഗ്ലൂർ എന്നിവർ പ്രസംഗിച്ചു. അനിൽ ഇലന്തൂർ, ബിനു ജോസഫ് എന്നിവർ നേതൃത്വം നൽകി.


**സിംഗപ്പൂരിലേക്ക് നേഴ്സുമാർക്ക് തൊഴിലവസരം**

B.Sc Nurse: Male & Female നേഴ്സുമാരെ ആവശ്യമുണ്ട്
G.N.M: സൗദി പ്രൈവറ്റ് ഹോസ്പിറ്റലിലേക്ക് ആവശ്യമുണ്ട്. *Saudi Prometric* പാസ്സായവർക്ക് മുൻഗണന.

Please contact:
**ALPHA**,
T.K.Road, Tiruvalla,
email: shajijohn35@yahoo.in
Phone: 9645586744

**GRACE CONSULTANCY (Regd)**
Kerala: 9947118722, 9495834792
AP: 040-24021981, 09032673083, 08374423010

റാഗിംഗ് ഭയം കൂടാതെ നേഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന പെൺകുട്ടികളുടെ മാതാപിതാക്കളുടെ ശ്രദ്ധക്ക്:

**അഡ്മിഷൻ നൽകുന്ന സ്ഥാപനങ്ങൾ:**
1. KALANJALI COLLEGE OF NURSING
2. SWAPNA SCHOOL OF NURSING (SWAPNA HOSPITAL)

കഴിഞ്ഞ 32 വർഷമായി ഹൈദരബാദിൽ സ്ഥിരതാമസവും അനേക നേഴ്സിംഗ് സ്കൂളുകളിലെ കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കയും ചെയ്യുന്ന പാസ്റ്റർ ബാബു രാജൻ അഡ്മിനിസ്ട്രേറ്ററായി നടത്തുന്ന കലാഞ്ചലി കോളജ് ഓഫ് നേഴ്സിംഗ്, സ്വപ്ന സ്കൂൾ ഓഫ് നേഴ്സിംഗ് എന്നീ സ്ഥാപനങ്ങളിൽ അഡ്മിഷന് താത്പര്യമുള്ളവർ ബന്ധപ്പെടുക.

Engineering പഠനം ആഗ്രഹിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കുറഞ്ഞ ഫീസിൽ, എല്ലാ അംഗീകാരങ്ങളുമുള്ള Engineering College-ൽ അഡ്മിഷൻ നൽകപ്പെടുന്നു. IBM അംഗീകാരമുള്ള AP യിലെ ഏക ഇൻസ്റ്റിറ്റ്യൂഷനിലും, 100% placement ഉള്ളതുമായ എഞ്ചിനിയറിംഗ് കോളജിലും, പെൺകുട്ടികൾക്ക് മാത്രമുള്ള എഞ്ചിനിയറിംഗ് കോളജിലും അഡ്മിഷൻ നൽകപ്പെടുന്നു.

1. Dhruva Engineering Institution 2. Netaji Engineering Institution 3. Noble Engineering Institution.

NB: നേഴ്സിംഗ് സംബന്ധമായ എല്ലാ സർട്ടിഫിക്കറ്റുകളും ഉത്തരവാദിത്വത്തോടുകൂടി ചെയ്തു കൊടുക്കും.

Address: N. Babu Rajan, H.No. 3-10-425, G.J. colony, LB Nagar P.O., Hyderabad - 74




No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 1st July 2013 at RMS Kottayam

# ഐ.പി.സി.കേരളാ സ്റ്റേറ്റ്; മലബാറിൽ കുടിവെള്ള പദ്ധതി

**ടോണി ഡി.ചൊവ്വൂക്കാരൻ**

**നിലമ്പൂർ:** മലബാറിലെ സഭകൾ നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമ പരിഹാരത്തിനായി ഐ.പി. സി.കേരളാ കൗൺസിലിന്റെ കീഴിൽ മലബാർ മിഷനിലൂടെ കുടിവെള്ള പദ്ധതി നടപ്പിലാക്കി. ഏപ്രിൽ 23-ന് കൂടിയ കൗൺസിലിൽ മലബാർ മിഷൻ ബോർഡ് സെക്രട്ടറി സജി മത്തായി കാതേട്ട് മലബാറിലെ 68 സഭകൾ കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്നുവെന്നും, വെള്ളത്തിനായി വളരെ പണം ചിലവിടേണ്ടി വരുന്നുവെന്നും, പത്തോളം സഭകളിലെ ശുശ്രൂഷകർ ലീവെടുത്ത് നാട്ടിലേക്ക് പോയതായും പ്രമേയം അവതരിപ്പിച്ചിരുന്നു. തുടർന്ന് നാലു ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച കൗൺസിൽ 2 ലക്ഷം രൂപാ അനുവദിച്ചു. ചിറ്റൂർ, കൊഴിഞ്ഞാമ്പാറ, കരിമണ്‍, പാണ്ടിക്കാട്, മണ്ണാർക്കാട്, കാസർഗോഡ്, വയനാട്, കോട്ടക്കൽ, തേഞ്ഞിപ്പാലം, കോഴിക്കോട് എന്നിവിടങ്ങളിലായി കുഴൽക്കിണറുകളും, ഓപ്പൺ കിണറുകളും നിർമ്മിച്ചു. പദ്ധതി തദ്ദേശവാസികൾക്കും പ്രയോജനകരമായി തീരത്തക്കനിലയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി ഉദ്ഘാടനം മെയ് 28-ന് നിലമ്പൂരിൽ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിച്ചു. മലബാർ മിഷൻ ചെയർമാൻ പാസ്റ്റർ ബാബു ഏബ്രഹാം അധ്യക്ഷനായിരുന്നു. പാസ്റ്റർ ഷിബു നെടിവേലിൽ, എൽ.കെ.റോയി, സണ്ണി മുളമൂട്ടിൽ എന്നിവർ ആശംസയും, സജി മത്തായി കാതേട്ട് സ്വാഗതവും, ജയിംസ് വർക്കി നന്ദിയും പറഞ്ഞു.

## ഉന്നത വിജയം



**തലശ്ശേരി:** എസ്.എസ്.എൽ.എൽ. സി, എല്ലാ വിഷയത്തിനും എ+ നേടിയ തലശ്ശേരി എ.ജി.സഭയുടെ പാസ്റ്റർ സണ്ണി മാത്യുവിന്റെയും റജീനയുടെയും മകൻ എഫ്രയിം കെ. സണ്ണി.



**കണ്ണൂർ തലശ്ശേരി:** പാപ്പിനിശ്ശേരി എ.ജി. സഭയിൽ വിശാലാക്ഷന്റെയും ജോളിയുടെയും മകൻ ജസ്വിൻ വിശാൽ

## പഠനോപകരണ വിതരണം




കുമളി: ഫെഡറേഷൻ ഓഫ് പെന്തെക്കോസ്തൽ പാസ്റ്റേഴ്സ് കുമളിയുടെ ആഭിമുഖ്യത്തിൽ പ്രസിഡന്റ് പാസ്റ്റർ ഈപ്പൻ ഫിലിപ്പിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ട്രൈബൽ സ്കൂൾ വിദ്യാർത്ഥികളടക്കം 115 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സെക്രട്ടറി പാസ്റ്റർ ആർ.ആന്റണി സ്വാഗതവും, കുമളി പോലീസ് സബ് ഇൻസ്പെക്ടർ പയസ് കെ.തോമസ് വിതരണോദ്ഘാടനവും നടത്തി.

## തിരഞ്ഞെടുത്തു



പി. വൈ. പി.എ. കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം & ചാരിറ്റി ബോർഡ് ജോ. കൺവീനറായി പാസ്റ്റർ സുനിൽ വി. ജോണിനെ തിരഞ്ഞെടുത്തു.

## ഭാരവാഹികൾ

ആലപ്പുഴ: ആലപ്പുഴ വെസ്റ്റ് സെന്റർ പി.വൈ.പി.എ.ഭാരവാഹികളായി മാത്യു വർഗീസ് (പ്രസിഡന്റ്), ഷോണി പി.തോമസ് (സെക്രട്ടറി), വെസ്ലി പി.ഏബ്രഹാം (ട്രഷറാർ), ഇവാ.മനു വർഗീസ് (വൈസ് പ്രസിഡന്റ്), ഇവാ.സി.ജെ.ഷിജുമോൻ (ജോ.സെക്രട്ടറി), ഫെബിൻ ജെ.മാത്യു (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

# പാസ്റ്റർ ജേക്കബ് ജോണിന് സ്വീകരണം നൽകി



*ഇ. എം. ഷാജി ഉപഹാരം പാസ്റ്റർ ജേക്കബ് ജോണിന് കൈമാറുന്നു.*

ന്യൂ ഡെൽഹി: ഐപിസിയുടെ ജനറൽ പ്രസിഡണ്ട് ആയി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജേക്കബ് ജോണിന് ഡെൽഹി പെന്തക്കൊസ്ത് വിശ്വാസികളുടെ വേദിയായ ഡെൽഹി പെന്തക്കൊസ്ത് ഫോറത്തിന്റെ വകയായി ജനക്പുരി സിഎംഎഐ കോൺഫറൻസ് ഹാളിൽ സ്വീകരണം നല്കി. സീനിയർ പാസ്റ്റർ കെ. ജോർജ്കുട്ടി അധ്യക്ഷനായിരുന്നു. ജനറൽ കൌൺസിൽ അംഗം ഇ. എം. ഷാജി ഉപഹാരം കൈമാറി. പാസ്റ്റർമാരായ എം. സാമുവൽകുട്ടി, സി. പി. ഫിലിപ്പ്, സാം തോമസ്, ജോർജ് കെ. തോമസ്, ഷിബു മത്തായി, സി. ജോൺ, ബിനോയ് ജോർജ്, സി. വി. ഫിലിപ്പോസ് തുടങ്ങിയവർ അനുമോദന പ്രസംഗങ്ങൾ നടത്തി. എൻസിപി സൗത്തിന്ത്യൻ സെൽ ചെയർമാൻ ജേക്കബ് പുതുപ്പള്ളിയും പുതിയ പ്രസിഡണ്ടിനെ അനുമോദിച്ചു.













PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.